# സൈബർകൂലികൾക്ക് ഒരു ഗൊറില്ല പ്രണയമുറ

**(കവിതകൾ 1998–2009)**

**ജയൻ കെ.സി**

## ഇലയും മുള്ളും

അടുക്കളക്കാന്താരി
ചിരിക്കുന്ന അമ്മിക്കോണിൽ
വട്ടൊമൊടിയുന്ന വെണ്ടക്കയുടെ
ഞെരുഞ്ഞെരുപ്പ്

അരിവാൾ മുനയിൽ
നഖവും കണ്ണും കൂർപ്പിച്ച്
പേൻ വേട്ടയാടുന്ന
നാത്തൂൻവിരലുകൾ
ഉപദേശിച്ചു
നീയതിൽ വീണാലും
നിന്നലത് വീണാലും...

വിരൽച്ചുറ്റിലൊടിഞ്ഞു മുന്നേറുന്ന
അച്ചിങ്ങയുടെ ഞെടുഞ്ഞെടിപ്പ്
മഞ്ഞപ്പുള്ളികൾ വിളർന്ന
വെള്ളിരിവയറിൽ
കത്തി പാളുന്നയീണം
മിന്നിൻ മിന്നലിൽത്തൂങ്ങി
കഴുത്ത്, കാറ്റ്,
മഴ, മഞ്ഞമരങ്ങൾ

നീയതിൽ വീണാലും
നിന്നലത് വീണാലും...

മുനമൂച്ചുകളിൽ രക്തം

**ഭാഷപോഷിണി ഏപ്രിൽ 2009**

## സർവെയ്‌ലൻസ്

*//അവ്ന്യു "എ", ഈസ്റ്റ് വില്ലേജ്, ന്യൂയോർക്ക് സിറ്റി//*

സൂര്യന്റെ സ്നേഹം
ഉരുകിവീണ തെരുവിലൂടെ
ഒരു യുവാവ് ഇണതേടുകയായിരുന്നു

എല്ലിൽ നിന്നുമിറച്ചി
വേർപെടുവോളം
പ്രണയം അവനെ
ബാധിച്ചിരുന്നു

മഴവിൽമുടി
സൂര്യനിലേക്ക്
നേർത്തിരുന്നു

രോമകൂപങ്ങൾ
പൊട്ടിയൊഴുകുന്ന
പ്രണയത്തിന്റെ പളുങ്കുപുഴ

ഈസ്റ്റ്ഫോർത്ത് സ്ട്രീറ്റിലെ
അനാർക്കിസ്റ്റുകളുടെ
സെക്കൻഡ് ഹാൻഡ് പുസ്തകക്കടയിൽ
നിന്നുമടിച്ചുമാറ്റിയ
'മഞ്ഞപ്പുസ്തകം'
മുഖത്തിനും സൂര്യനുമിടയിൽ
"പീനൽകോളനി"യെന്ന്
കറുത്തയക്ഷരങ്ങളിൽ തിളങ്ങി

മഞ്ഞച്ചിരിയുമയ്
പാതയോരത്ത്
പരുങ്ങിനിൽക്കുന്ന
ഗിങ്കൊ മരത്തിനും
ഇലപൊഴിച്ചെല്ലിളക്കിയാടുന്ന
മേപ്പിളിന്റെ നഗ്നതക്കും
ചുവപ്പും പച്ചയും
ചിമ്മിക്കളിക്കുന്ന
ട്രാഫിക് പോസ്റ്റിനു___
മിടയിൽനിന്ന്
ഒളിക്യാമറകൾ
അവന്റെ നീക്കങ്ങൾ
പകർത്തിയിരുന്നു

കെൽവിൻ ക്ലൈൻ
കോർപ്രേറ്റ് മുദ്ര പേറുന്ന
അവൻെറ അണ്ടർവെയറിലാസ്റ്റിക്കിലെ
ജി.പി. എസ്. ചിപ്പ് *
റിക്ടർ സ്കെയിലിൽ
3.9 രേഖപ്പെടുത്താവുന്ന
ഒരധോവായുവേറ്റ് പുളഞ്ഞു
പീനട്ട്ബട്ടറിൻെറ ഗൂഢാലോചന
ഇതൊരു രഹസ്യ ആണവ
പരീക്ഷണമായിക്കൂടെന്നുണ്ടൊ?

അവൻെറ ഇടതുമുലക്കണ്ണിൽ
ചുംബിച്ചു കൊണ്ട് പോക്കറ്റിലുറങ്ങുന്ന
മൊബൈലിലൂടെ
സൈസ്മിക് തരംഗങ്ങൾ
ഒന്നൊന്നായി " റ്റാപ് "
ചെയ്യപ്പെട്ടുകൊണ്ടിരുന്നു.

*//ഹോംലാൻഡ് സെക്യൂരിറ്റി :സാറ്റ്ലൈറ്റ് ഇൻഫോർമേഷൻ പ്രോസസിങ്ങ് സെൻറർ, ഓഫീസ് ക്യൂബ് #29857//*

ഉപഗ്രഹക്കണ്ണുകൾ
കൊറിച്ചിറക്കിയ
വിവരങ്ങൾ
ക്ലാസിഫൈഡ് ഫയലുകളിലേക്ക്
കൊഴിച്ചും കിഴിച്ചും
ഇടക്കിടെ സ്പേസ് ബാറിൽ
തന്തവിരലിനാൽത്താളമിട്ടും
തൻെറ ഷിഫ്റ്റവസാനിക്കുന്ന
മിനിട്ടുകളിലേക്ക് ഒരു ജോഡി
ക്ലറിക്കൽക്കണ്ണുകൾ കൂർത്തിരുന്നു

---

*Global Positioning System

ഭാഷപോഷിണി ഏപ്രിൽ 2008

## ഗൊണ്ടാനമൊ

ഇവിടെ സമയം
ഇഴയുന്ന ഒച്ചല്ല

മിന്നിപ്പായുന്ന
തേൻ കുരുവിയല്ല

ഇലപ്പച്ചകൾക്കിടയിൽ
കുടർന്നുജ്വലിക്കുന്ന
പൂവിന്റെ രക്തമല്ല

അടിവയറ്റിൽ കുടുങ്ങിയുണരുന്ന
ആധിയാണ്
കണ്ണിൽ നിന്നു
വാർന്നു പോകുന്ന
കാഴ്ച്ചയാണ്
അത് സൂചികൾക്കും
സൂചകങ്ങൾക്കും
പിടികൊടുക്കാതെ
വെയിലിന്റെ നിലവിളികളിലേക്ക്
ഊർന്നുപോകുന്നു

ഓർമ്മയുടെ ചതുപ്പ്
ആഴ്ന്നാഴ്ന്നു പോകുന്ന ദൃശ്യങ്ങൾ
അവയുടെ മണൽ സ്വരങ്ങൾ

ഇഷ്ടികക്കെട്ടിൽ
നിന്നൊലിച്ചിറങ്ങുന്ന
സൂര്യൻ

വിരലുകളിൽ
നിന്നിളകിയിറങ്ങുന്ന
നഖങ്ങൾ

ഒരുശലഭത്തിന്റെ
ആയുരാരോഗ്യ
പ്രതീക്ഷകൾ

പൊഴിഞ്ഞിഴയുന്ന
ജീവന്റെ പോളകൾ

മരണം ചുരത്തുന്ന
ഇലട്രിക് മുൾവേലിയിൽ
നിന്നുരുകുന്ന പക്ഷികൾ

പഴുത്ത മോണയിൽ

പല്ലിരുന്ന കുഴികൾ

രക്തയോട്ടം നിലച്ച്
അഴുകിത്തുടങ്ങിയ ലിംഗം
വരഞ്ഞു വിണ്ട ചുണ്ടുകൾ
കറകെട്ടിക്കനച്ച നാക്ക്

ഇവിടെ സമയം
ഇഴയുന്ന ഒച്ചല്ല
പുറത്ത്
ലോഹമതിലുകളിൽ
തീ പടരുന്നു
പക്ഷികളുടെ ‘ബാർബിക്യു’.

കലാകൗമുദി
2005 ഡിസംബർ 11

# അഴുകൽ

കഷണ്ടി നക്കിയ തലയിൽ
പിന്നോട്ട് ചീർപ്പോടിച്ച്
കരിയിളകിയ
നരനിര കോതി
കണ്ണാടിയിൽ
കൺതുറിച്ച്
വായ കോട്ടി
പല്ലിളിച്ച്
ഈർക്കിൽ തലപ്പിൽ
ഈത്തൽ കുത്തി
മണത്ത്, തുപ്പി.
മെല്ലെക്കടിച്ച്
ചുണ്ടിലൊരു
രക്തച്ഛവി
കൊളുത്തി
കണ്ണിൽ കെടാതെ
കെടന്നയാക്കനൽ
ഊതിയൂതി മെല്ലെക്കെടുത്തി
ഇടിഞ്ഞ മുലകളിൽ
പാളവയറിൽ
നീളൻ നിശ്വാസങ്ങളിഴച്ചലസ-
കസാലയിലങ്ങനെ...യങ്ങനെ...

ഭാഷപോഷിണി ഒക്ടോബർ 2006

## സുരക്ഷിത

ഇലകളിൽ
മുറിഞ്ഞു വീഴുന്ന
നാലുമണിസൂര്യൻ
പൂവിൻെറ
മഞ്ഞ ജീവിതത്തിനുമേൽ
അവളുടെ
ചുണ്ടുകളുടെ
സ്ട്രോബെറിച്ചുവപ്പ്

മാംസത്തിൻെറ
പളുങ്കുപഴങ്ങളിൽ
പ്രണയമുരഞ്ഞ
പഴുതാരപ്പാടുകൾ
അയഞ്ഞ തൊലിമടക്കുകൾക്ക്
അഴുകിയ പുഞ്ചിരിയുടെ
മണം
ശവനീലക്കണ്ണുകൾ
തിളക്കുന്ന പകലിലേക്കു നീട്ടി
അവൾ സൂര്യനിൽ
ഒരു വിരൽത്തുളയിട്ടു
പിന്നെ
വേവുന്ന വിരൽവഴിയിൽ
നനനാവുപുളച്ച്
ഭൂമിക്കുമേൽ
സന്മാർഗ്ഗത്തിൻെറ
പർദ്ദ വലിച്ചിട്ടു

കലാകൗമുദി
2005 സെപ്തംബർ 4

## ചാവേർക്കാഴ്ച്ചകൾ : ആട് അങ്ങാടിയറിയുമ്പോൾ

നട്ടുച്ച തിളക്കും
നിരത്തിൽ
ചുവപ്പ്
ചിതറിക്കിടന്നു

പകുതിയറ്റകൈകളുമായ്
കൈവണ്ടികൾ
ആകാശത്തിലേക്ക്
തുറിച്ചുകിടന്നു
ചിതറിയ കാബേജ് തുണ്ടുകൾ
പീലികരിഞ്ഞ
കൺപോളകൾ പോലെ
മലർന്നുകിടന്നു
ചതഞ്ഞുതൂറിയ
തക്കാളിക്കുടർമാലകൾ
ചാർത്തിയൊരൊറ്റക്കണ്ണട-
യുടഞ്ഞുകിടന്നു
വാററ ചെരുപ്പുകൾ
പല്ലുകൾ
എല്ലിന്തരിപ്പുകൾ
കാളക്കുറവുകൾ
കത്തികൾ
കശാപ്പുമണങ്ങൾ
മാടിക്കെട്ടിയ
തൊലിക്കെട്ടുകൾ
തകർന്ന മുക്കാലിയിൽ
തുടലറ്റതുലാസ്സിന്തട്ടുകൾ
തുറകണ്ണുരുട്ടും
ആട്ടിൻ തലകൾ
ഉരുകിയ ടാറിലങ്ങനെ
ചില്ലുകാഴച്ചകൾ
തറഞ്ഞുകിടന്നു
ചോരവാലുന്ന
ചാലുകളിലാകാശം
പിഞ്ഞിക്കിടന്നു

നിശ്ശബ്ദത വീണുപൊള്ളിയ
നടപ്പാതയിൽ
ചുവപ്പ് രേഖവീഴ്ത്തിക്കൊണ്ട്
ഒരു കുട്ടി
അരയിൽനിന്നൂർന്ന് പോയനിക്കർ
ഇടംകൈകൊണ്ടുതാങ്ങി
വലകൈകൊണ്ട്
പട്ടയുരുട്ടിനീങ്ങുന്നു

കലാകൗമുദി
2005 ഫെബ്രുവരി 13

# വിശപ്പ്

അത്
പകലായിരുന്നു
മഴ പെയ്യുകയായിരുന്നു
ചെറുചെത്തങ്ങൾക്കുമേൽ
ചാവ് പോലെ

ഒരില
പകലിലേക്ക്
കൊഴിഞ്ഞു
മഴമണികളിൽ
പച്ചകുത്തിയ
ഒച്ചപോലെ

അത്
രാത്രിയായിരുന്നു
വെള്ള വിരിപ്പ്
കട്ടിലിൽ
വിരിഞ്ഞുകിടന്നിരുന്നു
വിളക്ക്
ഇരുട്ടിനെ
നക്കിക്കൊണ്ടിരുന്നു
പ്രർത്ഥനയുടെ സ്വാദുള്ള സന്ധ്യ
അത്താഴമണങ്ങളിൽ
മുങ്ങിയിരുന്നു
ചാരം പൂണ്ട അടുപ്പിലൂടെ
അതിഴയുന്നത്
അമ്മ കണ്ടു
ആരോടും പറഞ്ഞില്ല

കലാകൗമുദി
2004 ജനുവരി 11–17

# ക്രീഡാജലം

കൊൺക്രീറ്റ്
തടത്തിനുള്ളിൽ
തളക്കപ്പെട്ട
ക്ലോറിനേറ്റഡ് സ്നേഹം

തൊലിവെട്ടത്തിൽ
മിന്നിയുരുളുന്ന
പളുങ്കുമണികളുടെ
സമൂഹരതി

വരൾച്ചുണ്ടിനു
മിരുൾകപ്പിനുമിടക്ക്
വെളിച്ചത്തിൻെറ
കുഴൽ

സ്വീകരണമുറിയിൽ
നിയോൺ ടെട്രകളുടെ
നീലച്ചിരി
കിടപ്പുമുറിയിലും
അടുക്കളയിലും
തിക്കുമുട്ടുന്ന
മിണ്ടാട്ടങ്ങളുടെ
ചോര.

ഭാഷാപോഷിണി
ജനുവരി 2005

# ഓണനിലാവ്

പീലികളുടെ
നിഴൽനനവിൽ
രാത്രി തളംകെട്ടിയ
കവിൾത്തടം
കോതിമിനുക്കിയ
ചിറകടി
ചെത്തിയൊരുക്കിയ
മിന്നൽ
തൂനെറ്റിയിൽ
മരണം തുളയിട്ട
തിരശ്ശീലയിൽ
ദാഹത്തിന്
ഒരു പരസ്യം
പുന്നെല്ലിൻെറ
മാരകമഞ്ഞയിൽ
ഒരു എലിച്ചിരി.

ഭാഷാപോഷിണി
ജനുവരി 2004

## പോളിമോർഫിസം

**പ്രോഗ്രാം ഒന്ന്**

#ഇൻക്ലൂഡ്സ് <ഐഒസ്ട്രീം.എച്>
 സോഴ്സ്സ്ഫയൽ ഃ മാത്യുവിൻപ്രകാരമുള്ള സുവിശേഷം;
// **സി. ഇ.**29 സിയോൻമാളിക, ജെറുസെലേം.//

{{ സിഇൻ >>

നിശ്ശബ്ദത
നിലത്തു വീഴുന്ന
സൂചിയാണ്
അതിൽ
നിൻെറ ശബ്ദം
ചിരികൊണ്ട-
ലംങ്കരിക്കപ്പെട്ട
ഇടിമുഴക്കം.

പന്ത്രണ്ട്
പുരുഷന്മാരുടെ
പന്തിയിൽ
അപ്പത്തിനും
വീഞ്ഞിനുമൊപ്പം
തൊടുത്തുവച്ച
ചുംബനമാണ് നീ..

ഇരുപത്തിനാലു
പൊടിപുരണ്ട പാദങ്ങൾ
ശുചീകരണത്തിൻെറ
ധാവനരതി...

ഓർമ്മയിൽ
മാർത്ത-മറിയമാരുടെ
കനൽക്കടിയേൽക്കാത്ത
നിൻെറ ചുംബനപ്പൊരിയാൽ
ഉദ്ധരിക്കപ്പെട്ട ലാസർ.

ഗദ്സമനയിൽ
ഒരുതുള്ളി
ചുവന്ന വിയർപ്പിൽ
ദീർഘചുബനത്തിൻെറ
ഒറ്റു.

കോഴി കൂകി
വെളുപ്പിച്ച
പകലിനു്
കുരിശിൻെറ
നിറം ..
}

**പ്രോഗ്രാം രണ്ട്**

#ഇൻക്ലൂഡ്സ് <ഐഒസ്ട്രീം.എച്ച്>
സോഴ്സ്സ്ഫയൽ ঃ ദ് ഗെ മിലിറ്റൻ്സ് ( ഹിസ്റ്ററി ഓഫ് ഗെ മൂവ്മെൻറ് ঃ ഡോൺ റ്റീൽ)
// **സി. ഇ.**1969 ജൂൺ28–29, സ്റ്റോൺവോൾ സത്രം,* ഗ്രീൻവിച്ച് വില്ലേജ്, ന്യൂയോർക്ക്//

{ സിഇൻ >>

ശ്വാസം
ചെറുചൂടുള്ള
സംഗീതമാണ്
കോശങ്ങളിൽ
ഓക്സിജൻ കത്തുന്നു.

ഒരു കവിൾ സംഗീതം
രണ്ടുവരി മദ്യം
പിളർച്ചുണ്ടിൻെറ
ഹവിസ്സ്....

അരക്കെട്ടിൽ
സ്നേഹം കത്തുന്നു
ഞരമ്പുകളാർത്തു പിടയും
'മസ്സിൽ' നിറയെ
പ്രണയം.

പെട്ടെന്ന്
അധികാരത്തിൻെറ
ചുഴലി...
ചെവിക്കല്ലിനു-
പിന്നിൽ
വെടിയുണ്ടയുടെ
ചുംബനം
രക്തമൊലിക്കുന്ന
സംഗീതം....

കൂകിവെളുപ്പിക്കാൻ
കോഴിയില്ലാത്ത

പകലിലേക്ക്
സ്റ്റോൺവോൾ
പിളരുന്നു..
"കല്ലിൽമ്മേൽ
കല്ലു ശേഷിക്കാതെ"
സ്റ്റോൺവോൾ...

സീഔട്ട് <<

മാത്യു ഷെപ്പേഡ്**
വീണു ചത്ത
ഒരു കോപ്പ വീഞ്ഞ്,
" മിറക്കിൾ ബർഗ്ഗർ
വിത്ത് നോ മയൊണൈസ്,
'ഒസ്സി' ഒൺ ദ് സൈഡ്"

}}

മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്
2000 ഒക്ടോബർ 22.

---

*_*സ്റ്റോൺവോൾ ഇൻ*_ *: ഗ്രീൻവിച്ച് വില്ലേജിൽ ക്രിസ്റ്റഫർ തെരുവിലെ സ്വവർഗ്ഗാനുരാഗികളുടെ പ്രശസ്തമായ ബാർ. 1969 ജൂൺ 27ന് രാത്രി പോലീസും യാഥാസ്ഥിതിക ഗുണ്ടകളും ചേർന്ന് ഈ ബാർ ആക്രമിച്ചു. തുടർന്നുണ്ടായ കലാപം അമേരിക്കയിൽ 'ഗെ'വിമോചന പ്രസ്ഥാനത്തിനു നാന്ദികുറിച്ചു.*

*_**മത്യുഷെപ്പേഡ്_ : 1998-ൽ യാഥാസ്ഥിതികാരൽ ചിത്രവധം ചെയ്യപ്പെട്ട ഒരു ഗെ യുവാവ്.*

**<u>സ്ത്രൈണം</u>**

അവൾ
നിറകണ്ണു
തുറന്ന്
പ്രലോഭനത്തിൻെറ
പളുങ്കുഗോവണി
ഭൂമിയിലേക്കിറക്കി.

ഞാൻ
അതിലൂടെ
കൃഷ്ണമണിയിലേക്ക്
കയറിച്ചെന്നു.

റെറ്റീനയുടെ
സ്ഫടികപീഠത്തിൽ
കിടത്തി
അവളെന്നെ
മൂന്നുവട്ടം
ബലാത്സഗം ചെയ്തു...

ഉരഞ്ഞുപൊട്ടിയ
ചർമ്മബന്ധങ്ങൾ...
ചതഞ്ഞു ചിതറിയ
മാംസശിഖരങ്ങൾ...
ബോധത്തിൽ
നീറിയിറങ്ങുന്ന
നോവിൻെറ
രക്തപ്രസരങ്ങൾ...

അവൾ
ശേഷിച്ച
വസ്ത്രങ്ങളിൽ
നിന്നെന്നെ ഊരിയെടുത്ത്
കണ്ണുനീരിൻെറ
ഉപ്പുതടാകത്തിൽ
അലക്കി
തെളിവുകൾ
നശിപ്പിച്ചു.

പിന്നെ

പൗരുഷത്തിൻെറ
നീലം മുക്കി
അഹന്തയുടെ
അയയിൽ ഉണക്കാനിട്ടിട്ട്
പുരികവില്ലിൽ
ഒരു നാണം കുലച്ച്
ഗഗന നീലിമയുടെ
ശൂന്യവിശാലതയിലേക്ക്
എയ്തുവിട്ടു....

**കുങ്കുമം**
**2000 ജൂൺ 18.**

---

<u>പ്രണയം പ്രത്യുത്പാദനം പ്രതിവിപ്ലവം ..</u>

വെളിച്ചത്തിന്റെ
രക്തം പുരണ്ട്
ഇരുട്ട് വികൃതമാകുന്നു
പ്രണയചതുരങ്ങളിലെ
കുശലപ്പുരകളിലൊന്നിൽ*
നിന്റെ
മേൽച്ചുണ്ടിൽ
നിന്ന്
എന്റെ
കീഴ്ച്ചുണ്ടിലേക്ക്
ഒരു ചുംബനം
'ഡൗൺലോഡ്'ചെയ്യപ്പെടുന്നു
ഉമ്മിനീരും
സ്നേഹസ്രവങ്ങളുമില്ലത്ത
മൈഥുനം.

അറ്റാച്ച്മെയിൽ;
ഒരു 'സ്ലിപ്പ്ഫയൽ'നിറയെ
പ്രണയഭ്രൂണങ്ങൾ
('അൺസ്സിപ്പ് വിത്ത് വിൻസ്സിപ്പ് ഒൺലി')
ഉപഗ്രഹക്കണ്ണുകൾക്കപ്പുറം
ഗർഭാശയത്തിന്റെ
സ്ഫടിക ഭിത്തിയിൽ
പൊക്കിൾക്കൊടിയാഴ്ത്തി
നിന്റെ
വിജ്രംഭിതദേശീയത
നിലവിളിക്കുന്നു
സ്വപ്നങ്ങൾ
നിറയെ
രക്തമൊലിക്കുന്ന
മേഘലക്കൂണുകൾ..

ദുരയുടെ
യോനീപീഠത്തിൽ
ഒരു
'റേഡിയോ ആക്ടീവ്'
ശിവലിംഗം.

'അറ്റാച്ച്മെയിൽ';
ഒരു ശത്രുസംഹാരപൂജ...
("ചാർജ്ജിറ്റ് ഓൺ മൈ മാസ്റ്റർ കാർഡ്").

ഇന്ത്യാടുഡേ,

സാഹിത്യവാർഷികപ്പതിപ്പ് 2000.

------------------------------------------------------------------------

*chatroom

## സ്കിസോഫ്രേനിയ

**എപ്പിസോഡ് ഒന്ന്**

പനിയുടെ
ഇതളിൽ
സ്വപ്നത്തിൻെറ
രക്തം
സൂര്യനിലേക്ക്
പിളർന്ന
ഓർമ്മയിൽ
പകലിൻെറ
രേതസ്സ്...

**എപ്പിസോഡ് രണ്ട്**

ഷാരെൻട്ടണ്ണിലെ
മനോരോഗാലയം
രോഗിയുടെ
പൃഷ്ഠത്തിലുറപ്പിച്ച
മെഴുകുതിരി വെളിച്ചത്തിൽ
മാർക്വസ് ഡി സാഡിൻെറ
നാടകം അരങ്ങേറുന്നു*.
റോബ്സ്പീയറുടെ
'ഗില്ലറ്റിൻ'സംഗീതം...
ജീൻ പോൾ മറാത്തിൻെറ
രക്തം നിറച്ച
കുളിത്തൊട്ടി

അതിൽ
ശവങ്ങൾ
നീന്തുന്നു
ദാലി
ബുനുവൽ
പസൊലിനി
ജോൺ എബ്രാഹം

ജനിതികപ്പോലീസിന്
പിടികൊടുക്കാത്ത
അരാജക ജീനുകൾ
അവയുടെ
'ബ്ലൂപ്രിൻറുകൾ'...
അരങ്ങിൽ
സൂര്യൻ വീണുടയുന്നു...

**എപ്പിസോഡ് മൂന്ന്**

മഞ്ഞരക്തമൊലിക്കുന്ന
വെയിൽ
വെളിച്ചത്തിൻെറ
അതിരുകളിൽ
പതുങ്ങിയിരുന്ന്
ദൈവം
താൻ നഗ്നനെന്ന്
വിലപിക്കുന്നു.

ദൈവത്തിൻെറ
വാടിയ നാണത്തിലേക്ക്
ഹരിതകം
കൊള്ളയടിക്കപ്പെട്ട
ഒരില
കാർക്കിച്ചു തുപ്പുന്നു.

ദൈവത്തിൻെറ
പീനപൗരുഷത്തിൽ
കഫമൊരു
പീതകൗപീനമായി.

നാണത്തിൻെറ
അളയിൽ
വാൽകുത്തിനിവർന്ന്
വചനം
സൂര്യനോട്
പുഞ്ചിരിച്ചു..

ആകാശത്തിലെ
പക്ഷിയെപ്പോലെയാകാൻ
ആമയെ
ഉപദേശിച്ചു..
പിന്നെ
വാൽചുരുട്ടി
നാണത്തിലേക്ക്
മടങ്ങി.

കുങ്കുമം,
2001 ഫെബ്ര്യുവരി 4

---

**പ്രശസ്ത ജർമ്മൻ ചിത്രകാരനും നാടകകൃത്തും സിനിമസംവിധായകനുമായ പീറ്റർ വൈസിൻെറ(Peter Weiss)" The Persecution and Assassination of Jean-Paul Marat As Performed by the Inmates of the Asylum of Charenton Under the Direction of The Marquis de Sade" എന്ന നാടകമാണു സൂചന*

## <u>വിഘ്ന ബുദ്ധൻ</u>

*(ഈ ജനം ഒരു മ്ലേഛകൃത്യം ചെയ്താൽ പറയുന്നു; ഞങ്ങളുടെ പൂർവ്വീകന്മാരെ ഞങ്ങൾ ഇങ്ങനെയാണ് കണ്ടിട്ടുള്ളതു. ഈ വിധം പ്രവർത്തിക്കാൻ അല്ലാഹു തന്നെ ഞ്ങ്ങളൊട് കൽപിച്ചിട്ടുമുണ്ട്. അവരോടുപറയുക അല്ലാഹു ഒരിക്കലും മ്ലേഛതകൾ കൽപിക്കുന്നില്ല.- അൽ അഅ്റാഫ്. സൂക്തം 28-29 ഖുറാൻ.)*

**1**
**അനിത്യം**

അർഹന്തൻ
മേഘലങ്ങളോട്
സംസാരിക്കുന്നു

അഹിംസ
ഒലിച്ചുണങ്ങിയ
ഗാന്ധാരശിലയിൽ
ഉദ്ധർഷിയുടെ
മാംസത്തുള...
അതിലൂടെ
പോപ്പിച്ചെടി
പൂക്കുന്ന
സ്വരവുമയ്
ബാമിയൻ കാറ്റ്
നികായങ്ങളുടെ
ചുരമിറങ്ങി
വരുന്നു

നാഗസേനന്റെ
നെഞ്ചിനുനേരെ
നാവ് കൂർപ്പിച്ച്
മിളിന്ദൻ

ഒറ്റ മണൽപ്പാറയിൽ
കൊത്തിയിറക്കിയ
ഭീമൻ
കാൽപ്പാദങ്ങളും
തുടയും
അരെക്കെട്ടും
ഉദരവും

ഉരസ്സും
ആകാശം പിളർക്കും
ശിരസ്സും
അല്ലെങ്കിൽപ്പിന്നെ
ഏന്താണ് നീ ?.
പാറയുടെ
മാംസം
കീറിയടുക്കുന്ന
വിശിഷ്ട
മൗനത്തിന്
ചെങ്കിസ്ഖാൻെറ
പീരങ്കി..
ഔറംഗസീബിൻെറ
അഗ്നിഹോത്രം.

**2**

## തഥാഗതൻെറ ബാധ്യതകൾ

കാബൂൾ മ്യൂസിയത്തിൻെറ
നഷ്ട പ്രതാപങ്ങളിൽ
ഉണങ്ങിപ്പോയ
ഒരഗ്രചർമ്മി

തടവറയിലടക്കപ്പെട്ട
കത്രിച്ച മേൽമീശ...

പർദ്ദയിൽ
പ്പൊതിഞ്ഞ്
അടുക്കളയിൽ
അടക്കിയ
ശ്വസിക്കുന്ന‘മമ്മി’

വിശുദ്ധ
പോരാളിയുടെ
തോളിൽ തൂങ്ങുന്ന
‘ബസൂക്ക’

ചന്ദ്രനെക്കാമിക്കുന്ന
മരുഭൂമിയിലെ
ഒറ്റയാൻ നക്ഷത്രം

ഇരുട്ടിലേക്ക്
ചുരുളുന്ന
പ്രവചനങ്ങൾ

കഴുത്തുമുതൽ
വൃഷണംവരെ

പിളർക്കപ്പെട്ട
പ്രവാചകൻ

*"How mutilated,*
*see, is Mahomet;*
*In front of me doth*
*Ali weeping go,*
*Cleft in the face*
*from forelock unto chin ;"**

കുങ്കുമം
2001 എപ്രിൽ 8.

---

*Inferno, 28th Canto. Divine Comedy, Dante. Translation, Longfellow.

## ഖരം ദ്രാവകം ദൈവം

**ഒന്ന്**

എനിക്കും
കടലിനുമിടയിൽ
സാത്താൻ
ഞങ്ങൾക്കെല്ലാം
മുകളിൽ
കാളകൂടം പോലെ
ദൈവം...

ദൈവത്തിൻെറ
ചുണ്ടിൽ
അനാദിയായ മൗനം
സ്ഖലിച്ചു
അത് തുള്ളിയായ്
ഞങ്ങളിൽ
വീണു
അച്ചടക്കത്തോടെ
വൃത്താകാരത്തിൽ
പടർന്ന് തറയുടെ
നെടുവീർപ്പിൽ
വാതകരൂപിയായ്
പിണങ്ങിയലിഞ്ഞു...

നെറുകയിൽ
ദൈവം
വീണുപൊള്ളിയ
പാടുമായ്
സാത്താൻ മാത്രം
ഖരമായ് ശേഷിച്ചു...

**രണ്ട്**

സാത്താൻെറ
നെറുകയിലെ
വൃണത്തിൽ
ചലമായ്
ദൈവം
വീണ്ടും
ചെനച്ചു...
ദൈവത്തിൻെറ

കണ്ണിൽ
ആസക്തിയുടെ
ഒരുതുള്ളി
നഗരം...

നക്ഷത്രക്കഷണങ്ങൾ
നിറച്ച വെളിച്ചത്തിൻെറ
ചഷകത്തിലേക്ക്
അംബരചുംബികളും
ബിൽ ഗേറ്റ്സും
സൂപ്പർ സോണിക്കും
ഫൂക്കോയാമയും
ചരിത്രവും
വയാഗ്രയും
ദെറീദയും
ക്വാണ്ടവും
ഫൂക്കോയും
ചോംസ്കിയും
ക്രെയിഗ് വെൻററും
പുളച്ചു നുരയുന്ന
നഗരം പകരുക...
"ഓൺ ദ് റോക്ക്സ്"
ഒറ്റ വലി...
ഗ്ലാപ്പ് ...
ചഷകം കാലി
ചിറി തുടച്ച്
പാത്രം ക്ഷീരപഥത്തിൽ
എറിഞ്ഞുടക്കുക...

**മൂന്ന്**

നാൽപത്
ഗിഗ്ഗബൈറ്റ്
ഓർമ്മയും
ആയിരം
മെഗഹെഡ്സ്
വേഗതയുമുള്ള
ഒരു സ്വപ്നമായ്
ജീവിതത്തെ
കൂർപ്പിച്ച് നിർത്താൻ
ഒരു നുള്ള്
'സ്നോവൈറ്റ്
കോക്കെയിൻ'
ഇടംകൈയ്യാൽ
ഇടംമ്മൂക്കടച്ച്
വലംമ്മൂക്കിലൂടെ
വലിക്കുക...

“യു വിൽ ബി
ഓൺലൈൻ വിത്ത്
ഗോഡ്സ്”.

ദൈവഭയമകറ്റാൻ
ദ്രാവകരൂപിയായ
ദൈവത്തിൽ
നക്ഷത്രപ്പൊടികളായ്
പാറി വീണ്
അതിനെ ഖരമാക്കുക...
“ലുക്ക് നീത്ഷേ;
നൗ ഗോഡ് ഈസ്
പെർമെനൻറലി
ഡിലീറ്റഡ്”.

കുങ്കുമം
2000സെപ്റ്റംബർ 24.

## കേൾവി

ഞാൻ ചവിട്ടി
നിൽക്കുന്നപുല്ല്
എന്നോട്
സംസാരിക്കുന്നു...

“നിൻെറ പാദങ്ങൾ-
ക്കിടയിൽ ഞെരിയുന്നത്
എൻെറ ശരീരമാണ്. .”

പുല്ലിൻെറഭാഷ
തിരിയാതെ-
ഞാനതിൻെറ
ശരീരമാർദ്ദവത്തിൽ
ഇരുന്നു
കിടന്നു
കിടന്നുരുണ്ടു...

ഞെരിഞ്ഞു-
ചിതറിയും
ഒടിഞ്ഞമർന്നും
പുല്ലുപിന്നെയും
സംസാരിച്ചു
കൊണ്ടിരുന്നു...

അതുചെറു-
ഞെരക്കങ്ങളായ്
കാറ്റിൽപ്പുരണ്ട്
എങ്ങോട്ടോ
ഒലിച്ചു പോയി...

ഞാൻ
പുൽത്തകിടിയുടെ
പതുപതുപ്പിൽ
തലചായ്ച്ച്
ആകാശത്തിൽ നിന്ന്
തൂങ്ങിയിറങ്ങുന്ന
ഉറക്കത്തിലേക്ക്
മിഴി പൂട്ടി വച്ചു...

കിടപ്പറയിൽ
അവളെന്നോട്
സംസാരിക്കുന്നു...

കൈകളുടെ
കത്രികപ്പൂട്ടിൽ
നെഞ്ചിനെതിരെ
നെഞ്ചുനേർക്കുമ്പോഴും
അവളെന്തോ പറഞ്ഞു...

കാലുകളുടെ
കനൽപ്പൂട്ടിൽ
ഉടലാകെഞെരി-
ഞ്ഞൊടുങ്ങുമ്പോഴും .
ഞരമ്പുകളുടെ
തുടൽമുറുക്കത്തിൽ
ഉഷ്ണംവിയർത്തൊ-
ടുങ്ങുമ്പോഴുമവളെന്തോ..!!
എന്താണത്...?
ഓ...എന്തോ..

അവളുടെ
തണുതണുത്ത
ശരീരം,
കുളിർകുളിർത്ത
മുലകൾ..
അവയിൽമുഖമർത്തി
മുലക്കണ്ണിലൂടെ
ഊറിയിറങ്ങുന്ന
ഉറക്കത്തിലേക്ക്
മിഴിതുറന്ന്
ഞാൻ
കാതുകൾ പൂട്ടി.

കുങ്കുമം
200 സെപ്തംബർ 10.

## 'യൊ മാമ ലാസ്റ്റ് സപ്പർ'*

*ഭക്ത്യാദരങ്ങളോടെ റെനീ കോക്സ്സിന്*

രക്തവും മാംസവും
പങ്കു വയ്ക്കപ്പെടുന്ന
ഈ രാത്രിക്ക്
വസ്ത്രങ്ങളില്ല

നിൻെറ
റത് സഫാരിയൻ
ജടയിലൂടെ
ഊറിയിറങ്ങുന്ന
ദയ

കൃഷ്ണമണികളിൽ
മിന്നിയുണരുന്ന
പ്രകാശത്തിൻെറ
ഉടൽ
തീൻ മേശയിലേക്ക്
ദാഹമായ്
ചുരന്നിറങ്ങുന്ന
മുലകൾ.
അരക്കെട്ടി–
ലാർത്തു വളരുന്ന
ഉർവ്വരതയുടെ
കാന്താര നീഗ്രിമ.

ഒലിവെണ്ണയുടെ
നിറമുള്ള
തൊലിയിൽ
സ്വർഗ്ഗീയ
മേഘങ്ങളുടെ
വെള്ളിടി...
ഭൂമിയുടെ
എൺപത്തിനാലുലക്ഷം
യോനികളിലൂടെ
വിങ്ങിവിയർത്ത്
മഹാദേവിഅക്ക
തലനീട്ടുന്നു.

മുടിനദികൾ
സൂര്യനിലേക്കൊഴുകുന്നു
മുലനദികൾ
ക്ഷീരപഥത്തിലേക്ക്...

പന്തിയിൽ
വിശപ്പിൻെറ
പന്ത്രണ്ട്
ഇരകൾ
യൂദാസ്സിൻെറ
വെള്ളമുഖമ്മൂടിക്ക്
തൊട്ടുപിന്നിൽ
എൻെറകർത്തവും
ദൈവവുമായുള്ളവളെ
നിൻെറ
മാംസത്തിൽ
കണ്ണുകളാഴ്ത്തി
ഞാൻ.....

കുങ്കുമം
2001 മാർച്ച് 18.

*പ്രശസ്ത ബ്ലാക് അമേരിക്കൻ ഫൊട്ടൊഗ്രാഫറായ റെനീ കോക്സ്സിൻെറ ഒരു വിവാദ രചന. ക്രിസ്തുവിൻെറ അന്ത്യ അത്താഴം ചിത്രീകരിക്കുന്ന ഈ കൂറ്റൻ ഫൊട്ടൊഗ്രാഫിൽ പന്ത്രണ്ട് കറുത്ത ശിഷ്യന്മാർക്ക് നടുവിൽ ക്രിസ്തുവിനെ നഗ്നയായ ഒരു നീഗ്രൊ യുവതിയായി ചിത്രീകരിച്ചിരിക്കുന്നു.ചിത്രത്തിൽ നഗ്നക്രിസ്തുവയിപ്രത്യക്ഷ്പെടുന്നത് റെനീ കോക്സ്സ് തന്നെയാണ്. യൂദാസിനെ വെള്ളക്കരനായും ചിത്രികരിച്ചിരിക്കുന്നു. (ബ്രൂക്കിളിൻ മ്യൂസിയം ഓഫ് ആർട്ട്, ഫെബ്രുവരി 2001 )

## കാഞ്ഞിരസ്മരണ

കാറ്റിനെതെരെ നിൽക്കുക നീ...
ഉലഞ്ഞൂറാടിപ്പിന്നോട്ടു-
മുഖമുരുമിപ്പറക്കുന്ന ജ്ഞാനിയെ
പാറ്റിക്കൊഴിച്ചങ്ങ് പഴമയുടെ
പാണൽ വഴക്കത്തിൽ നിവരുക,
ഒടിയാതെ ഉലഞ്ഞുണരുക...

സിദ്ധാന്തക്കോഴികൾ
കൂകിയുണർത്തുന്ന
പാതിവെന്ത പുലരികൾ
പാറിയകലട്ടെ...

ഭ്രാന്തിന്നീരില മുളക്കുന്ന
നട്ടുച്ചയുടെ നാട്ടറിവിലേക്ക്
ബോധം രാകിത്തൊടുത്തങ്ങ്
കാറ്റിനെതിരെ നിൽക്കുക

നേരിൻെറ നീർതൊണ്ട കീറി-
പ്പാടുന്ന കിളിയുടെ പാട്ടിലും
പാഷാണ പാഠങ്ങളൊളിപ്പിച്ച
ഭാഷപാഷാണ്ഡതക്കും
ബലിയിട്ടു നിൽക്കുക...

എഴുത്തുമെഴുത്തച്ചനെയും
എഴുത്താണിയിൽത്തളച്ച
എഴുത്തുൻെറ പ്രഭുക്കളെ
വഴങ്ങി നിൽക്കാതെ
ഒഴിഞ്ഞു മാറുക
കിഴിഞ്ഞു നോക്കാതെ
നേരെ നിൽക്കുക...
തൊലിയുരുമിപ്പിന്നോട്ടുപായുന്ന
കാഞ്ഞിരകാറ്റിൻെറ
കയ്പ്പാർന്ന പൊരുളിൽ
കണ്ണുടക്കി കരളുടക്കി-
ക്കാതുടക്കി നേർത്തുനിൽക്കുക
ഓർമ്മയിൽ നിന്നെക്കോർത്തുനിൽക്കുക
കാറ്റിനെതിരെ നേർത്തു നിൽക്കുക...

ജാലകം
2000 സെപ്റ്റംബർ

## മിയ കുൾപ്പ

ഹേ...
കണ്ണുനീർത്തുള്ളി
മുതല
നിന്നോടസൂയപ്പെടുന്നു.
(തീർച്ചയായും കണ്ണീർത്തുള്ളികൾ
കാത്പനീകരാകുന്നു ഉത്തരാധൂനീകർ ക്ഷമിക്കണം)

എണ്ണയിൽ നന്നായി
മൊരിഞ്ഞ'ബ്രൂണോ'
സത്യവിശ്വാസത്തിന്
പ്രാതൽ.
'ഇൻക്വസിഷന്റെ'
ഇരുൾച്ചുരങ്ങളിൽ
ഗലീലയോവിന്റെ
പല്ല്
അരൂപിയുടെ
ആഭരണം...

കുരിശ്ശുയുദ്ധങ്ങളുടെ
ബാലകാണ്ഡം
സ്റ്റീഫന്റെ*1
മുപ്പതിനായിരം
നിക്കോളസ്സിന്റെ*2
ഇരുപതിനായിരം
കൗമാരം തീണ്ടാത്ത
തലകൾ.

'ജോവൻ ഓഫ് ആർക്'
വാഴ്ത്തപ്പെട്ട
തമാശ മാത്രം.

ചങ്ങലക്കിട്ട
ഒരു കറുത്ത ഹ്രദയം.

സ്വന്തം രക്തം
വീണു ചുവന്ന
ഒരു ഗോത്രം...

'ആസ്റ്റെക്കുകളുടെ'
തീ പിടിച്ച ഗ്രന്ഥപ്പുര..*3
കാലത്തെ
ഖബറടക്കിയ
പഞ്ചാംഗം...

തകർക്കപ്പെട്ട
'മായൻ'
ഒളിമറയാത്ത
സൂര്യശില.
'ഇൻ കാ'യുടെ
തീപ്പാട്ട്...
വനദൈവങ്ങളുടെ
നെയ്ത്തുശാല...
ആൻഡ്സ്സിൻെറ
കരിഞ്ഞ ഹ്ര്ദയം

ചീയാപ്പയിലെ
കർഷകൻെറ
കൈപ്പത്തി.

ബ്ലാക്ഫൂട്*4
ഇർക്കോയി
ചെറോക്കി
പ്യുബ്ലോ
ഹോപ്പി
നാവഹോ
വിശ്വാസത്തിൽ
കലങ്ങിച്ചത്തവർ.

കൊളംബസ്പുണ്യാളൻ
കുക്ലക്സ്ക്ലനിൻെറ
വിശുദ്ധ മുഖമ്മൂടി

വഴ്ത്തപ്പെട്ട
ഹിറ്റ് ലർ
പരിശുദ്ധ മുസ്സോലിനി...

ഒരു ജൂതൻെറ
അഗ്രചർമ്മം.

ജീവനോടെ
തൊലിയുരിക്കപ്പെട്ട
ഒരു ജിപ്സ്സി...

വഴ്ത്തപ്പെട്ട

വസ്കോ-ഡ-ഗാമ
ഒരു ഗൗഡസരസ്വതൻെറ
രക്തം പുരണ്ട
പൂണൂൽ...

ഒരു ദളിതൻെറ
വിറങ്ങലിച്ച
ജീവിതം..

കടലിൽ
കെട്ടിയാഴ്ത്തപ്പെട്ട
സത്യം....

ചരിത്രം
തൂങ്ങി
കൂനിപ്പോയ
കൽക്കുരിശ്ശ്...

പട്ടിണിത്തെരുവിൽ
ഒരു ചാരിറ്റിക്കണ്ണ്...
'മിയ കുൾപ്പ'

'മ'ക്കും'യ'ക്കും
ഇടയിലൂടെ
നാവ്
'കുൾ'എന്നു്
മുകൾത്തട്ടിലേക്ക്
വളയുന്നു
'പ്പ'എന്നു്
ചുണ്ടുകളിലേക്ക്
പൊട്ടിച്ചിതറുന്നു...
'മിയാ കുൾപ്പ...

കണ്ണുനീർവറ്റിയ
മുതല
നാണംകൊണ്ട്
ആത്മഹത്യ ചെയ്തു....

കുങ്കുമം
2000 എപ്രിൽ 9.

---

*1കുട്ടികളുടെ കുരിശ്ശുയുദ്ധം നയിച്ച ഒരു ഫ്രഞ്ചുബാലൻ
*2 മറ്റൊരു കുരുശ്ശുയോദ്ധാവ്
*3 സൗത്തമേരിക്കയിലും മിസ്സോമേരിക്കയിലും പതിനാറാം നൂറ്റാണ്ടിൽ ബിഷപ്പ് ലാണ്ടോയുടെ നേത്രത്വത്തിൽ വിവിധ ഗോത്രഭാഷാ നിഘണ്ടുക്കളും, പഞ്ചാംഗങ്ങളും, ഗണിതശാസ്ത്രഗ്രന്ഥങ്ങളുമടങ്ങുന്ന കൂറ്റൻ ലൈബ്രറികൾ സാത്താൻെറവചനങ്ങളെന്നപേരിൽ തീയിട്ട് നശിപ്പിച്ചു.
*4നോർത്തമേരിക്കയിലെ ചില പ്രധാന ഗോത്രങ്ങൾ ബ്ലാക്ഫൂട്സ്, ഇർക്കോയിസ്, ചെറൊക്കിസ്, പ്യുബ്ലോസ്, ഹോപ്പിസ്, നാവഹോസ്.

## കിളി

കൂടു വിട്ടുയർന്നവൻ
കൂടും
കൂടിരിക്കുന്ന
ചില്ലയും
ചില്ലപേറും
മരവും
മരം മുളച്ച
മലയും
മലയൊലിച്ച
പുഴയും
പുഴവിഴുങ്ങിയ
കരയും
കരയും പുഴയുമാകെ
വിഴുങ്ങിയ കടലും
കണ്ടു

കണ്ടുകണ്ടങ്ങവൻ
കടലളന്നു
കരയളന്നു
പുഴയളന്നു
മലയളന്നു
മരമളന്നു
കൂടും, കുടിരിക്കും
ചില്ലയുമളന്നു

അളന്നളന്നങ്ങവൻ
കടൽ വിഴുങ്ങി
കരവിഴുങ്ങി
പുഴവിഴുങ്ങി
മലവിഴുങ്ങി
മരം വിഴുങ്ങി
കൂടും കൂടിരിക്കുന്ന
ചില്ലയും വിഴുങ്ങി

പിന്നെയവൻ
ചിറക് വിരിച്ച്
ആദിയും അന്തവുമില്ലാത്ത
ആകാശമായി...

കലാകൗമുദി
2000 ജൂലൈ 2.

## സെൻസ്സർബോർഡ്

ഇത്
എൻെറ അമ്മയുടെ
പോർട്രെയിറ്റ്.
അവർ
മുറിച്ചു മാറ്റിയത്
വസ്ത്രങ്ങൾ മാത്രം...
(പതിനാറുമുഴം)

ഇതെൻെറ
സെൽഫ് പോർട്രെയിറ്റ്
അവർ
മുറിച്ചു മാറ്റിയത്
കണ്ണടയുടെ
ഫ്രെയിമിനപ്പുറം
തെറിച്ച് നിന്നിരുന്ന
കണ്ണിൻെറ
പോർണ്ണോഗ്രാഫിക് നഗ്നത..
(ഒന്നര മുഴം)

ഇതാ...
ഒരു(അര)മുഴനീള ഹാസ്യചിത്രം
ഇൻറർവെല്ലിനുശേഷം
കുടുംബസമേതം
പ്രായപൂർത്തിയാവുക...

കലാകൗമുദി
2000 ഒക്ടോബർ 8.

## ചുമർച്ചിത്രങ്ങൾ

കരിയിലപ്പൊന്തയിൽ
കുയിലനക്കങ്ങൾ
കൂടിളക്കങ്ങൾ
ഇളം മണ്ണിൽ
കുരുക്കും
കുരുപ്പകൾ

മണ്ണട്ട മൂളുന്നയീണങ്ങൾ
വേരിൻെറയെക്താര
ചിതലിൻെറയങ്ങാടി...
കയ്യാലവേലികളിൽ
കണ്ണാരദുഃഖങ്ങൾ
മുരിക്കിൻ കടമ്പകൾ-
ക്കിരുപുറവുമൊളിവിൽ
കടന്നൽ'മൈനുകൾ'...

നെല്ലിയിലാദ്യം കയ്ച്ചും
പിന്നെ മധുരിച്ചും
മുതുക്കൻ വാക്കുകൾ.
താന്നിയിൽ
ചേരിൻെറ
പോരുതെളിച്ചും
കടുക്കയിൽ-
ക്കഷായച്ചവർപ്പായും
കടുത്തൂകിടക്കുന്നുകാലം.

പച്ചച്ചയോർമ്മതൻ
ഈരടിപ്പാതകളാ-
ളുന്നുയിരുളുന്നു
നാടിൻെറ, വീടിൻെറ
ചിത്രങ്ങൾ തൂങ്ങി
വിയർക്കുന്ന ഭിത്തിയിൽ.

കലാകൗമുദി
2001 എപ്രിൽ 15.

## അളവുകൾ തൂക്കങ്ങൾ

ഞങ്ങൾ തർക്കത്തിലായി...

ഒരു കഷണം പുഞ്ചിരി
ഒരു കീറ് നിലാവ്
ഒരു പാളി വെയിൽ
മുഖം
ചന്ദ്രൻ
സൂര്യൻ
ഇവയിൽ ഉപയോഗിക്കപ്പെട്ട
വെളിച്ചത്തിൻെറ അളവും,

ഒരു വാവിട്ട നിലവിളി
ഒരു മുഴം അലർച്ച
ഒരമാവാസി
ഒരു രാശി ഗ്രഹണം
ഇവയിലുപയോഗിക്കപ്പെട്ട
ഇരുളിൻെറ അളവും
തമ്മിലുള്ള അന്തരമായിരുന്നു
തർക്കവിഷയം.

രണ്ടളവുകളുടെ
നടുക്ക് തൂങ്ങുന്നു
നടുക്കത്തിൻെറ ത്രാസ്...

ഒരു തട്ടിൽ
മഞ്ഞ മണ്ടത്തരം
ഒലിക്കുന്ന
പിളർവായുമായ്
എൻെറ തല
ആകാശത്തേക്കുയർന്നു പോയി...
മറുതട്ടിൽ
വെളിച്ചത്തിൽ
ഇരുൾകുഴച്ച് കണ്ണെഴുതി
ഘനമാർന്ന ചിരിയുമായ്
അവൾ പാതാളത്തിലേക്ക്
താഴ്ന്നു പോയി

അങ്ങനെ ഞങ്ങൾ
ആകാശവും പാതാളവുമായി..

2000 ആഗസ്റ്റ്

## സൈബർ കൂലികൾക്ക് ഒരു ഗൊറില്ല പ്ര(യാ)ണയമുറ

*//സിലിക്കൺ*
*ഗട്ടോസ് ഓഫ്*
*സൻ ഹൊസെ*
*സൗത്തേഷ്യൻ നിഗ്ഗേഴ്സ്*
*സർഫിങ്ങ് എഗൈൻസ്റ്റ് ദ് സൺ//*

സൂര്യനും
നിനക്കും
ഭൂമിക്കുമിടയിൽ
ആകാശത്തിൻെറ
കടൽ നീലത്തിലേക്ക്
തുറിച്ചു നിൽക്കുന്ന
പളുങ്കുകാളയെ
കീബോർഡിൽ നിന്ന്
കൈയ്യെടുക്കാതെ
പ്രാപിക്കുവാൻ...

പച്ച മരണം
തിളക്കുന്ന
മൈതാനത്തിൻെറ
തുറസ്സിൽ നിന്ന്
ഒരു ക്ലിക്ക്
വെളിച്ചം
ഇലകൾക്കും
ശിഖരങ്ങൾക്കുമടിയിൽ
തണൽ
ഒളിപ്പിക്കുന്ന
മരങ്ങളുടെ
പ്രണയത്തിലേക്ക്
ഡബ്ബിൾ ക്ലിക്ക്
ചെയ്യുക.
കണ്ണിൻെറ
സ്ഫടിക വിരിപ്പിലേക്ക്
പാറിയിറങ്ങുന്ന
മഴവിൽ ധൂളികൾ
കൃത്യമായി
എണ്ണിയടുക്കുക
ഇപ്പോൾ
പുൽത്തകിടി
ഒരു കടൽ
അതിൽ പച്ച ;

നിറങ്ങളുടെ
രക്തം...
പുൽക്കൂമ്പിൽ
ഒരു മുറം
വിശ്ശാലത,
മൈതാന തുറസ്സ്,
തുറസ്സിൻെറ
തടവിൽ
സൂര്യൻെറ
സ്നേഹത്തിലേക്ക്
തിരിച്ചൊഴുകുന്ന
പുഴ...
മഴവില്ലുകൾ
മുങ്ങി മരിച്ച

തുറസ്സിൻെറ
ചുഴി...
(ദ് ഹെൽ ഓഫ്
അഗരോഫോബിയാക്സ്)
ഏതുനിമിഷവും
അടർന്നുവീണേക്കാവുന്ന
ആകാശത്തിൻെറ
ഭീകര നീലിമയിൽ
കണ്ണു നട്ട്
"നാവിഗേറ്റ്
യുവേർസെൽഫ്
ടുവേർസ് ദ് ബുൾസ് ഐ".

**രണ്ട്**

*// ഡിജിറ്റൽ*
*കമ്മ്യൂൺസ്*
*ഓഫ് ഓസ്റ്റിൻ*
*ദേശി നിഗ്ഗേഴ്സ്*
*പീയിഗ് എഗൈൻസ്റ്റ് ദ് വൊൾ//*

ടെക്സൻ ചക്രവാളത്തിൽ
ലോൺസ്റ്റാർ പിളരുന്നു
ഒരു കഷണം
കൺ ട്രി മ്യൂസിക്
ചവച്ചു പായുന്ന
പിക്-അപ് ട്രക്കിന്
പിന്നിൽ കെട്ടിവലിക്കപ്പെടുന്ന
നീഗ്രോയുടെ കരച്ചിൽ
ഉരഞ്ഞു
പൊട്ടിയ
കാൽമുട്ടുകളിൽ
ജയിംസ് ബേർഡ്...*

ചിതറിപ്പോയ
മാംസ ഖണ്ഡങ്ങളിൽ
ജയിംസ് ബേർഡ്...
നുറുങ്ങിപ്പോയ
നിലവിളികളിൽ
ജയിംസ് ബേർഡ്...

വീണ്ടും
സൂര്യൻെറ
കരച്ചിൽ
ചിതറിവീണ
വൃക്ഷത്തലപ്പുകൾ...

വേരിൽ നിന്ന്
മുകളിലേക്കുള്ള
കാഴ്ച്ചകൾ
ഇലകളുടെ
അടിവയർ
ഞരമ്പുകളിൽ
പാമ്പുംഗോവണിയും
കളിക്കുന്ന എറുമ്പുകൾ
പാട്ടിൻെറ
കെണിയിലകപ്പെട്ടു
പോയ ഒരു കിളി

പുൽത്തകടിയുടെ
തിളക്കുന്ന പച്ചയിൽ
ഒറ്റക്ക്
വെയിൽകായുന്ന
പെൺകുട്ടി
ഡെസ്ക് റ്റോപ്പിൽ
തറക്കപ്പെട്ട
ശലഭം
ചുണ്ടിൽ
എരിയുന്ന
ഫിലിപ് മോറിസ്
ചിറകിൽ
പ്രകാശത്തിൻെറ
രക്തം
ഹൃദയത്തിൽ
കരിയുന്ന
കോർപ്രേറ്റ്
ലിഖിതങ്ങൾ

ഇതളിൽ
സൂര്യചുംബനമേറ്റ്
വിങ്ങിയുണരുന്ന
പൂവിനെ പിന്നിലൂടെ

പ്രാപിക്കുന്നതെങ്ങനെ?

ആകാശത്തിലേക്ക്
കുതിക്കുന്ന
സ്നേഹരേണുക്കളിൽ
മാലാഖമാർ
സഞ്ചരിക്കുന്നു.

ഒരു ചുംബന
ബോംബിൽ
ചുണ്ടുകൾ
തകരുന്നിടത്തോളം
മൈഥുന മൈനിൽ

ലിംഗം ചിതറുന്നിടത്തോളം
പരാഗിയുടെ
പരാധീനതയിൽ
പ്രണയം
തടവിലാക്കപ്പെടുന്നു.
ചെറുശബ്ദങ്ങൾ
പെയ്തൊഴിഞ്ഞ
വെയിലിൻെറ
ഏകാന്തതയിൽ
നീ ബോധത്തിലേക്ക്
വിമോചിപ്പിക്കപ്പെടുമ്പോൾ
“ഷീ ഈസ് എ
വെർച്ച്യുൽ റിയാലിറ്റി
റിട്ടൺ ഇൻ സീ++
പ്ലഗ്ഗ് യുവർ
ലാപ് റ്റോപ്പ് ഇൻ റ്റു ദ് സൺ ”

**മൂന്ന്**

*//സൈബർ കൂലീസ്*
*ഫ്രം ദ് ഹെൽ സ്ക്രൂയിഗ്*
*ഈച്ചദർ ഒൺ ദ് വോൾ സ്ട്രീറ്റ്//*

കൂറ്റൻ കെട്ടിടങ്ങളുടെ
ഇഷ്ടിക വെളിച്ചത്തിൽ
സ്പൈഡർ മാൻ
(ഇൻറർ ആക്ടീവ്
മൾട്ടിമീഡിയ-അനിമേഷൻ)
ഗോപുരങ്ങളിൽ നിന്ന്
ഗോപുരങ്ങളിലേക്ക് ചാടുന്നു
റ്റ്വിൻ-ടവ്വറിൻെറ പ്രേതത്തിൽ
വലങ്കാലുടക്കി
എമ്പയർസ്റ്റേയ്റ്റിൽ
ഇടംങ്കാലുടക്കി

വലിഞ്ഞമർന്ന്
ഇടത്തൊഴിഞ്ഞ്
വലത്തുമാറി
സ്വാതന്ത്ര്യത്തിന്റെ
പ്രതിമ പിഴുതെടുത്ത്
വൊൾസ്ട്രീറ്റിലെറിഞ്ഞുടക്കുന്നു...
ചിതറി വീണ
ഓഹരികളിൽത്തട്ടി
'ചരിത്രം മരിക്കുന്നു'.
ഫൂക്കോയാമ
വോൾ സ്ട്രീറ്റിൽ
കുരുത്ത കൂണ്...
ചിതറിയോടുന്ന
സൈബർകൂലികൾ
ലൊക്കേറ്റിങ്ങ്
'ദ് ലൊക്കേഷൻ ഓഫ് കൾച്ചർ'
എഡിസണിലെ
കരാർ കൂലിയിടങ്ങളിൽനിന്ന്
വെങ്കിടേശ്വര സുപ്രഭാതം...
സാൾഗാക്കും*
ബങ്കറാ-റാപ്പിനുമിടയിലൂടെ
ഡി-എം-എക്സിലേക്കൊരുപാലം
അതിൽ ലിറ്റിൽ കിം കിതക്കുന്നു.
സോഷ്യൽ ടെക്സ്റ്റിനും
ലിഗ്വാഫ്രാങ്ക്വാക്കുമിടയിൽ
കാൽ വിരിച്ച് സോക്കൽ
അർണോവിറ്റ്സിന്റെ
ഞാണിൽ ഒരു
'ഹോക്സ്'തൊടുക്കുന്നു
"ട്രാൻസ്ഗ്രെസ്സിങ്ങ് ദ്
ബൗണ്ടറീസ്...."

പ്രയാണത്തിനും
പ്രണാമത്തിനുമിടയിൽ
ഗോളാന്തര കൂലികൾക്ക്
പ്രണയം
പ്രജനന ബാദ്ധ്യതയില്ലാത്ത
ഒരു റബ്ബർത്തുണ്ടാണ്
'യു ക്യാൻ റ്റോസ്സിറ്റ് ആസ് എ ബലൂൺ'

*//പ്ലീസ് ഷട്ട് മീ ഡൗൺ*
*വെൻ യു ലീവ് ദ് ഡസ്ക്//*

സമകാലികമലയാളം
2001 ആഗസ്റ്റ് 17

*ടെക്സാസിലെ, ജാസ്പർ സിറ്റിയിൽ വർണ്ണവെറിയന്മാരായ ഒരു സംഘം വെള്ളാക്കാർ പിക്-അപ്പ് ട്രക്കിന് പിന്നിൽ കെട്ടിവലിച്ചു കൊലപ്പെടുത്തിയ ഒരു കറുത്ത യുവാവ്

** SALGA-South Asian Lesbian & Gay Association.

## വാർത്ത

കോളത്തിനും
കോളത്തിനും
മിടയിൽ
വരികളുടെ
വിരിവേലികൾ
ക്കിടയിൽ...
ചര്യാനൈരന്തര്യത്തിൻെറ
ഇമവെട്ടങ്ങൾക്കിടയിൽ
നിങ്ങളിലേക്ക്
പാഞ്ഞു
പതുങ്ങിയേക്കാവുന്ന
ഒരു നുണച്ചില്ല്.

മലയാളശബ്ദം
2001 ആഗസ്റ്റ്

## <u>പാവക്കൂത്ത്</u>

മെരുങ്ങാത്ത
മഴയുടെ
തെരുവിൽ
ഇരുൾ
വിരൽ
ചൂണ്ടി
നീയൊരു
നിഴൽ
മന്ത്രം
കൊറിക്കവെ
മെഴുകുതിരി
നാളക്കുടുമയിൽ
രക്തഞരമ്പുകൾ
തിണർക്കവെ
കാറ്റിൻ
നഖങ്ങളിലിറ്റിറ്റു
തേങ്ങുന്നൊരു
തിരനാടകത്തി-
ന്നുൾപ്പൊരുൾ.

2001 സെപ്തംബർ

## ദൂരന്തം

എന്റെ രക്തവും
നിന്റെ രക്തവും
ഒന്നാണെന്ന്
അവർ പറയുന്നു.

എന്റെ ജീവനും
നിന്റെ ജീവനും
വിലപ്പെട്ടതാണെന്നും
എന്റെ സ്വപ്നങ്ങളും
നിന്റെ സ്വപ്നങ്ങളും
എന്റെ വേദനകളും
നിന്റെ വേദനകളും
മാനിക്കപ്പെടേണ്ടതാണെന്നും
എന്റെ മരണവും
നിന്റെ മരണവും
തുല്ല്യമാണെന്നും
അവർ പറയുന്നു.

പൊടി പുരണ്ട്
ഉരുക്കുകമ്പിയിൽ
കോർത്ത്
അഹന്ത
വാർന്നുള്ള
എന്റെയീമരണം
കുഴിബോംബുകൾക്ക്
മുകളിൽ
വരണ്ട കാറ്റിലേക്ക്
അസ്ഥി കൂർപ്പിക്കുന്ന
നിന്റെ ജീവിതത്തിനു
തുല്ല്യമാണെന്നവർ
പറയുന്നു...

കലാകൗമുദി

2001 നവംബർ 11

# ത്രിശൂലംഃ ഒരു കലാപകാല പ്രബന്ധം

അഹിംസയുടെ വയലിൽ
ഒരു തോക്കിൻ വിത്തു നട്ട്
വടികുത്തി നിവർന്ന്
അയാൾ
പാഠപുസ്തകത്തിലേക്കും
തപാൽ സ്റ്റാമ്പിലേക്കും
'പ്ലാസ്റ്റർ ഓഫ് പാരീസ്
മോൾഡുകളിലേക്കും'
കയറിപ്പോയി.

വയലുകൾ
വിളഞ്ഞപ്പോൾ
ബുദ്ധനൊരു
തോ(നാ)ക്കു കു(ക)ത്തിയായ്
വിളകാത്തു.

പല്ലിനുപല്ലെന്നൊരു
പല്ലുവിളഞ്ഞു
കണ്ണിനുകണ്ണെന്നൊരു
കണ്ണുവിളഞ്ഞു.

കണ്ണിനും പല്ലിനു-
മിടയിലൊരു നഖം
മുഖം കൂർത്ത്
മുനപിളർന്ന്
മൂന്നായ്
മുക്രയിട്ടുനിന്നു.

കണ്ണിനും
പല്ലിനും
നഖത്തിനും
മുഖത്തിനും
പുറകിലൊരു
അഴകൊഴമ്പൻ
നാവ് "റാം..റാം..റാം"
എന്നാർത്തിയോടെയാർത്തു.

**കലാകൗമുദി**
**2002 സെപ്തംബർ 1**

## അയനം വചനരേഖയിൽ

അന്വേഷണം
ആരംഭിക്കുന്നതിന് മുമ്പ്
അന്വേഷകൻെറ കണ്ണ്
ഒളിവിൽ പോയി...

ഈറൻ പീലികൾ
കാവൽ നിൽക്കുന്ന
ഇരുൾക്കയങ്ങളിൽ
കാഴ്ച്ചയുടെ രക്തം
തളം കെട്ടി നിന്നു...

അതിൽ;
മഞ്ഞമരണം പെയ്യുന്ന
സൂര്യൻെറ പ്രതിബിംബം...

പാടി നിർത്തിയ താരാട്ട്
ചുണ്ടിൽ നിന്നടർന്നുവീണ-
ചുംബനത്തിൻെറ ജഡം...
ബുദ്ധൻെറ ബോധി...
ആദിശങ്കരൻെറ മുതല...
ഗദാധരൻെറ വെള്ളക്കൊററികൾ...

അന്വേഷക സുഷ്മനയിൽ
അറിവിൻെറ കുണ്ഡലനീസ്പന്ദം.
മസ്തിഷ്കശിഖരങ്ങളിൽ
ഉൺമയുടെ ജ്ഞാനസ്ഖലനം...

അന്വേഷക മനസ്സ്
അന്വേഷണം വെടിഞ്ഞ്
ദർശനോന്മുഖമായി...
ബോധമുനയിൽ
ഒരു കൂടുന്ന പ്രവചനങ്ങൾ..!

സൂര്യൻെറ ചീളാൽ മെനഞ്ഞ
പ്രവചനത്തിൻെറ അമ്പ്-
ഇരുളിൻെറ ഞാണിൽ തൊടുത്ത്
പ്രവാചകൻ നിന്നു...

ആരംഭിക്കാതെയവസാനിച്ച
എല്ലാ അന്വേഷണങ്ങളുടെയും
നാഭിയിൽ ഒരു പ്രവാചകൻ മുളക്കും
പിന്നെ;

പ്രവചനങ്ങളുടെ രക്തമഴ....

## നഗരജ്വരം

ഉഷ്ണാവേശത്തിൻ
ഊഷ്മള മാത്രകളെരിയും
ചുണ്ടാലമ്ളചുംബനം
തൊടുത്തെന്നെയുണർത്താതെ നീ...

പകയൊടുങ്ങാപ്പകലിൻെറ
നെഞ്ചിൽ സൗഹൃദപ്പന്തം
കൊളുത്തുന്ന പുഞ്ചിരി-
പ്പണ്ടാരങ്ങളെ പേടിയാണെനിക്കെന്നും...

യന്ത്രകാമനകളെരിയുമീ
നഗരകാരാഗാരജാലകം പൂട്ടി
കനൽക്കാററു കനക്കാത്ത
കാന്താര നീഢത്തിൽ
പാതികരിഞ്ഞയീ കുയിൽപ്പാട്ടിൻ
ജലസ്പർശമേററൊന്നു മയങ്ങട്ടെ ഞാൻ...

രാത്രി നീളെ നീളെ... നീ
നിലാവ് മോന്തിമോന്തിയാ-
ത്തിങ്കൾ കറുത്തുപോയതും
പകൽക്കിനാവിൻ
കരളുകാർന്നു കാർന്നു
ദീപ്തി വാർന്നു സൂര്യൻ
കെട്ടുപോയതും...
പട്ടുപോയൊരോർമ്മല്ലീ-
മസ്തകത്തിലസ്തമിക്കാത്ത-
യഗ്നി ഗോളകൾ...
കാന്തിയററ രക്തരേതഃസ്വേദ-
നാളികൾ പകുത്തെടുത്ത
ശാന്തിയററ ജനപഥങ്ങൾ....
ജീവനററ വനാന്തരങ്ങൾ
ഒലികവർന്ന രോദനങ്ങൾ...
ഒളിമറഞ്ഞ നിണമലയ്ക്കും
അലിവൊഴിഞ്ഞ ഹൃത്തടങ്ങൾ.....

ക്രോഷ്ടകതന്ത്രം തിളക്കുമീ
നഗര മാന്യതയിലേക്കെന്നെ-
യുണർത്താതെയുണർത്താതെ നീ
കനൽക്കാററു കനക്കാത്ത
കാന്താര നീഢത്തിൽ
പാതികരിഞ്ഞയീ കുയിൽപ്പാട്ടിൻ
ക്ലേദസ്പർശമേററുറങ്ങട്ടെ ഞാൻ...

കലാകൗമുദി

1999 ഫെബ്രുവരി 14.

## ആർക്കറിയാം...?

(പ്രണയത്തെയും ദൈവത്തെയും കുറിച്ചുള്ള 'സക്കറിയൻ' നോവുകൾക്ക്)

കരളിൽ കനലാകുന്നത്
കണ്ണിൽ കരടാകുന്നത്
കവിളിൽ കാട്ടരുവിയാകുന്നത്
ചുണ്ടിൽ വിതുമ്പലാവുന്നത്...
വയററിൽ ആധിയാകുന്നത്
അരക്കെട്ടിൽ വിറയാർന്നു-
വളരുന്നത്......
വളർച്ചയുടെ
മൂർച്ചയിൽ
ആലസ്യമാർന്നൊരു
നോവിലേക്കു
മുറിയുന്നത്...
മുറിവിൽ നീററലായ്
നിറയുന്നത്...
നീററലാൽ വീണ്ടും
കനലാവുന്നത്...
കനലായ് വീണ്ടും
കരളാകെ പുകയ്ക്കുന്നത്
അതാകുന്നതാകുന്നുവോ...അത്..?

( "...ഞാനാകുന്നത് ഞാനാകുന്നു: " പുറപ്പാട്:3:14.)

കലാകൗമുദി
1998 എപ്രിൽ 19.

## ക്രിസ്തുമസ് നക്ഷത്രം

പുണ്യപുരുഷൻെറ പിതൃരാഹിത്യം
ചരിത്രഞരമ്പുകൾ മുറിഞ്ഞൊഴുകന്ന
പാപപ്പുഴയടെ കന്യാപുളകങ്ങൾ...

മരക്കുരിശും ഇരുമ്പാണിയും
ഒരുമിച്ചാലപിക്കും രക്തസങ്കീർത്തനങ്ങളിൽ
കാലിക്കൂട്ടിലെ ചോരക്കുഞ്ഞിന്
ദിവ്യതയുടെ നക്ഷത്രനഗ്ത

ദാസിപ്പെണ്ണിൻെറ പ്രസവക്ഷതങ്ങളിൽ
ദിവ്യഅരൂപിയുടെ കന്യാലേപനം

ലംബവും സമാന്തരവുമായ
പ്രവചനങ്ങളുടെ തിരശ്ചീനതയിൽ
വിമോചകൻ വധിക്കപ്പെടുന്നു...

കാളയിറച്ചിയും കള്ളും മണക്കുന്ന-
ഞായറാഴ്ചയുടെ പ്രത്യുശയിലേക്ക്
ഉയർത്തെഴുന്നേൽക്കപ്പെടാൻ...

വീണ്ടും;
ശിശ്നസന്നിവേശത്തിനു-
മുമ്പുള്ള കന്യാസ്തരത്തിൻെറ
പ്രതിരോധത്തിൽ
ചർമ്മച്ഛേദം പോലെ
ക്രിസ്തുമസ് നക്ഷത്രമുദിക്കുന്നു.

പ്രവാസി
ഡിസംബർ 1997

## ക്രൂശിതൻ

**ആകാശത്തിലേക്ക്**
**മിഴി**
**കൂർത്ത**
**പ്രാർത്ഥന**
**പാർശ്വങ്ങളിലേക്ക്**
**കൈ വിരിച്ച**
**ഉദാരത**
**ഭൂമിയിലേക്ക്**
**തൂങ്ങിയിറങ്ങിയ**
**നഗ്നത.**

1998 ഒക്ടോബർ 2.

## ശബ്ദരഹിതരുടെ ശബ്ദം

മുമിയ അബുജമാൽ[1]
നീ ഓർമ്മകളിൽ...
ഉറങ്ങുന്ന കരിംമ്പുലി.
നിൻെറ ജഢകളിൽ
പ്രതിരോധത്തിൻെറ
ശൈവചൈതന്യം...

നിൻെറ നാവിൽ
വിമോചനത്തിൻെറ
പ്രാചീനദാഹം...

ജീവിതം;
വൃത്തികെട്ട ആർത്തിയോടെ-
നിന്നെ നോക്കുന്നു.

ഇര കാത്തിരിക്കുന്ന
*ഇലക്ട്രിക്ചെയറിൽ*
തരിക്കുന്ന തണുപ്പ്ായ്
മരണം.
അധികാരത്തിൻെറ
വെള്ളാരംങ്കണ്ണുകളിൽ
തിളക്കുന്ന നിസ്സംഗത...

മുമിയ...നീ
ശബ്ദമില്ലാത്തവരുടെ ശബ്ദം[2]
തേടിയലഞ്ഞവൻ...
തലമുറകളുടെ
കണ്ണീർക്കടലിലൂടെ
ചരിത്രത്തിലേക്ക്
കപ്പലോടിച്ചവൻ...

ഓർമ്മയിൽ...
നിനക്ക് കാട്...
കറുത്ത ജഢങ്ങൾ
തൂങ്ങിയാടുന്ന മരങ്ങൾ[3].

ഓർമ്മയിൽ...
നിനക്ക് പുഴ
ചേതനയററ കിനാക്കളുടെ
കുത്തൊഴുക്ക്...

ഓർമ്മയിൽ...
നിനക്ക് താഴ്വര
ഷണ്ഡീകരിക്കപ്പെടുന്ന
സഹോദരൻെറ
അലർച്ചയുടെ പച്ച...

ഓർമ്മയിൽ...
നിനക്ക് ചക്രവാളം
കടിച്ചുകീറപ്പെടുന്ന
സഹോദരിയുടെ
വിലാപങ്ങളുടെ ചുവപ്പ്...

ഓ...മുമിയ നീ
ശബ്ദമില്ലാത്തവരുടെ ശബ്ദം
തേടിയലഞ്ഞവൻ...
എവിടെ നിനക്കായ്
പൊഴിയുന്ന ശബ്ദം..?

ഒററുകൊടുത്ത
തേവിടിശ്ശിപ്പെണ്ണിൻെറ[4]
തുരുമ്പിച്ച ശബ്ദമോ..?

'ഹിപ്പ്ഹോപ്പ്'തെറിപുകയും
കൗമാരച്ചുണ്ടിൽ വിളയും
ദൈന്യ സീത്ക്കാരങ്ങളോ..?

കോളിൻ പവ്ലിൻെറ
അലക്കിത്തേച്ച
'റിപ്പബ്ളിക്കൻ'ശബ്ദമോ..?

ജെസ്സി ജാക്സൻെറ
'ജ്ഞാനസ്നാനം' ചെയ്യപ്പെട്ട
'ഡെമൊക്രാററിക്' നിലവിളിയോ..?

മുമിയ നീ...
ശബ്ദമില്ലാത്തവരുടെ ശബ്ദം
തേടിയലഞ്ഞവൻ....
കാതോർക്കുക...
നിനക്കായ് പൊഴിയുന്ന ശബ്ദം...
നിനക്കായ്... പൊഴിയുന്ന...?

1998 ഒക്ടോബർ 26

1*mumia Abu-Jamal - വധശിക്ഷ വിധിക്കപ്പെട്ട് അമേരിക്കൻ ജയിലിൽ മരണം കാത്തു കഴിയുന്ന മുൻബ്ലാക്ക്പാന്തർ നേതാവും പത്രപ്രവർത്തകനും ആയ മുമിയ അബുജമാൽ.പ്രധാന കൃതികൾ"ലൈവ് ഫ്രം ഡെത്ത്റോ","ഡെത്ത് ബ്ലൂസംസ്"

2* voice of the voiceless - ഫിലാഡൽഫിയായിൽ പത്രപ്രവർത്തകനായിരുന്ന കാലത്ത് അദ്ദേഹം "ശബ്ദരഹിതരുടെ ശബ്ദം" എന്ന പേരിൽ പരക്കെ അറിയപ്പെട്ടിരിന്നു.

3*കു ക്ലക്സ് ക്ലാനിൻെറ പ്രതാപ കാലത്ത് തെക്കൻ സംസ്ഥാനങ്ങളിൽ കറുത്തവരെ വൃക്ഷക്കൊമ്പുകളിൽ തൂക്കിക്കൊല്ലുന്നത് സാധാരണയായിരുന്നു.

4*Cynthia White - മുമിയ അബു ജമാലിനെതിരെ കള്ളസാക്ഷി പറയാൻ ഫിലാഡൽഫിയ പോലീസ് വാടകക്കെടുത്ത തെരുവ്വേശ്യ. മുമിയ വധശിക്ഷക്ക് വിധിക്കപ്പെട്ടശേഷം അവൾ അനൗദ്യോഗീകമായി സത്യം

വെളിപ്പെടുത്തി. ഈ സംഭവത്തെ അധികരിച്ച് പ്രശസ്ത കവി മാർട്ടിൻ എസ്പ്പാഡ (Martin Espada) രചിച്ച"Another Nameless Prostitue Says the Man Is Innocent" എന്ന കവിതക്ക് 1996 ഏപ്രിൽ മാസത്തിൽ നാഷണൽ പബ്ലിക് റേഡിയോ (NPR)ഒരു പൊതു കവിതാപാരായണ പരിപാടിയിൽ പാരായണനുമതി നിഷേധിച്ചു.

## ദ് ഗ്രെയിററ് ഗ്രെയിററ് ന്യൂയോർക്കേഴ്സ്

*ഒന്ന്*

നദിയുടെ നെഞ്ചിലേക്ക്-
കൂർത്തിറങ്ങുന്ന...
അററ്ലാൻറിക് അവന്യൂ.
ഓളത്തിൻെറ
താളവിസ്മയത്തിൽ
മിഴികളൂന്നി
അവർ...
മുളന്തണ്ടുകളുടെ-
കുലവിൽ വഴക്കത്തിൽ
മാംസ മുനമ്പുകളുരസുന്നു.
അവരുടെ സീത്കാരങ്ങൾക്ക്
മുകളിൽ
'ബ്രൂക്കിളിൻ' പാലം
'ലോർക്ക'യുടെ പാട്ടിൻെറ
കോരിത്തരിപ്പുമായ് വളയുന്നു.

അവിടെ നിന്ന്
സ്വാതന്ത്ര്യത്തിൻെറ
പ്രതിമയിലേക്ക് പോകാൻ
'നിക്കനൊർ പാർര'യുടെ
'കഫം' തോണിയാക്കുക...
'വാൾസ്ട്രീററി'ലെ
ഗോഗോ നർത്തകിയുടെ
നാഭിയിൽ 'കഴുക'ൻെറ ചിത്രം
പച്ച കുത്തിയിരിക്കുന്നു.

ഡോമിനിക്കൻ റിബ്ളിക്കിൽ നിന്ന്
ഇന്നലെ വന്ന
ആൺ വേശ്യ
ആഗോള വിപണിയിൽ
അരുമയോടെ ആസനം
പിളർത്തി നിൽക്കുന്നു...

പെറുവിൽ നിന്ന് വന്ന
കന്യാസ്ത്രിക്ക് വ്യഭിചരിക്കാൻ
ഒരു "ചാരിററിക്ലബ്".

ചിലിയിലെ ഖനിത്തൊഴിലാളികളുടെ
പാർപ്പിടങ്ങളിലും
നിക്കരാഗ്വയിലെ
നേന്ത്രപ്പഴത്തോട്ടങ്ങളിലും

മെക്സിക്കോയിലെ
"സപ്പാട്ടിസ്ററ്" കർഷ ലാവണങ്ങളിലും
"കോഴിക്ക് മുല വളരുന്നുണ്ടെന്ന്"
ഇന്നലെ എനിക്ക് 'വദന സുരതം'
ചെയ്തു തന്ന
അർജൻറീനിയൻ പെണ്ണ് പറഞ്ഞു
ഓ...അവൾക്ക് കൂലിയിനത്തിൽ
ഒന്നരഡോളർ കുടിശികയുണ്ട്...

ഇന്നലെ
'ഈസ്ററ്' വില്ലേജിലെ
റേറാംകിൻ സ്ക്വയർ പാർക്കിൽ
അഫ്ഗാനിസ്ഥാനിൽ നിന്നെത്തിയ
ഒരു "ബ്രൗൺ നിഗറി"നെ
ഒരു പററം പോലീസുകാർ
ബലാത്സംഗം ചെയ്തു...
അയാൾക്ക് "ഹെൽത്ത് ഇൻഷുറൻസ്"
ഇല്ലാത്തതുകൊണ്ട്
രക്തം വാർന്ന്
മരിക്കുകയാണുണ്ടായത്..!
അയാളുടെ സുന്നത്ത്
ചെയ്ത ലിംഗം
സിററിഹാളിൽ മൂന്ന് മിനിററ്
പ്രദർശനത്തിനു വച്ചു.

*രണ്ട്*

അമേരിക്കയിൽ
ഒരു ഇന്ത്യൻ 'കൂലിയടിമ'യുടെ
ലിംഗത്തിൻെറ തൂക്കം
ഒരു 'രജിസ്ട്രേഡ്' നഴ്സിൻെറ
മുലയുടെ തൂക്കത്തിന്
ഒരിക്കലും തുല്യമാവാറില്ല.
അതുകൊണ്ട്
'ഗ്രീൻകാർഡിൻെറ' നിറം
നിലനിർത്താൻ
ഞാൻ 'ബേസ്മെൻറി'ലേക്ക്
തെന്നിയിറങ്ങി -
വിവിധതരം മദ്യം രുചിക്കുകയോ
കുട്ടികളെ
ഫലപ്രദമായി
ഗർഭനിരോധന ഉറകൾ
ഉപയോഗിക്കാൻ
പഠിപ്പിക്കുകയോ ചെയ്യും.

ഒരിക്കൽ,
സ്നാന വസ്ത്രം ധരിച്ച നിന്ന

എൻെറ ഭാര്യയെ ആർത്തിയോടെ
നോക്കിക്കൊണ്ട്,
എൻെറ പതിന്നാലുകാരാൻ പുത്രൻ
"നിൻെറ കാലുകൾ മനോഹരമാണല്ലോ
എൻെറ സുന്ദരിക്കുട്ടി അമ്മേ "
എന്നു പുകഴ്ത്തി....
അന്നു രാത്രി ഞാൻ...
ആ 'ഈഡിപ്പസി'നെ കൊന്നു.
അവൻ അത്താഴശേഷം
ഉപയോഗിക്കാറുള്ള
'കൊക്കെയിനിൽ 'സൈനൈഡ്' ' ചേർത്താണു്
ആ മനോഹര കൃത്യം
നിർവ്വഹിച്ചത്.
ഞാനെന്നും
കുട്ടികളുടെ 'ഈഡിപ്പിയൻ'
കണ്ണുകളെ വെറുത്തിരുന്നു.

*മൂന്നു്*

മാൽകം എക്സ് ബുളവാർഡിൽ
ഒരു നീഗ്രോക്കുഞ്ഞ്
അമ്മയുടെ മുലപ്പാലിന്
കഞ്ചാവ് ചുവയ്ക്കുന്നതു കൊണ്ട്
'ഫുഡ് ആൻഡ് ഡ്രഗ്ഗ് അഡ്മിനിസ്ട്രേററിന്'
പരാതി അയച്ചു....
ഫസ്ററ് അവന്യൂവിലെ
യു.എൻ. പ്രവൃത്തി മന്ദിരത്തിന്
മുന്നിൽ
തൂറി വച്ചതിന്
ഒരു ബോസ്ണിയൻ
അഭയാർത്ഥിയെ
'ഇലട്രിക്ക്യൂട്ട്' ചെയ്തത്
ഇന്ന് വെളുപ്പിന്.
കൊല്ലപ്പെട്ട നൈജീരിയൻ കവി
കെൻ സരോവിവയ്ക്ക്
ചരമ 'സ്മരണ' രചിച്ച
മലയാളകവി സച്ചിദാനന്ദന്
മൂക്കിൽ മൂന്ന് 'പച്ച' രോമങ്ങൾ
കിളുർത്തു.
(വാർത്ത: അന്തർദ്ദേശിയ 'പച്ചരാഷ്ട്രീയ സംഘ'ത്തിൻെറ
രഹസ്യ ബുള്ളററിനിൽ നിന്ന്.)
നൈജീരിയൻ 'ഡിക്ടേററർ'
സാനി അബാച്ച ഇപ്പോൾ
സ്വയംഭോഗം ചെയ്യാറില്ല.
(ഫ്രാങ്കാ ഒ. കൂഡി എന്ന നൈജീരിയൻ 'കന്യക'യുടെ കിടപ്പറഡയറിയിൽ നിന്ന്.
'യെരൂബയിൽ' നിന്ന് നേരിട്ടുള്ള വിവർത്തനം തെററുണ്ടെങ്കിൽ ക്ഷമിക്കരുത്.)
വായനക്കാർ ദയവായി ഇത്

റവ.ലൂയിസ് ഫറാഖാനോട് *1
പറയരുത്,
എനിക്കും ക്ളിൻറണും ഹിലാരിക്കും
കേണൽ ഗദ്ദാഫിയെ പേടിയാണ്.
സുന്ദരിയായ ഹിലരി ക്ളിൻറൺ
ടിവിയിൽ പ്രത്യക്ഷപ്പെടുമ്പോൾ
എന്നെ നോക്കി കണ്ണിറുക്കാറുണ്ട്
അതുകൊണ്ട്
"വൈററ് വാട്ടറിൻെറ 'രഹസ്യ
ഫയലുകൾ കൊണ്ട്
കടലാസു വള്ളങ്ങളുണ്ടാക്കി
ബാത്ത്ടബിൽ വിട്ട്
അവയ്ക്കു മുകളിൽ
എൻെറ നഗ്നത വിരിച്ച്
അവളെ 'അറിയാറുണ്ട്'.
ഇനി പരേതാത്മക്കളോട്
സംസാരിക്കുമ്പോൾ
ഗാന്ധിയോടൊപ്പം
രജനീഷിനെയും
മരിച്ചിട്ടും മരിക്കാത്ത എന്നെയും
ഉൾപ്പെടുത്താമെന്ന്
വാക്കു തന്നിട്ടുണ്ട്.

*നാല്*

'യൊസിഫ് ബ്രോഡ്സകി 'യുടെ
ആത്മാവ്
ബ്രൂക്ളിനിൽ ചുററിയടിക്കുന്നതു കൊണ്ട്
ഞാൻ ബ്രൂക്ളിനിൽ വച്ച് 'കുനി 'യാറില്ല.
അലൻ ഗിൻസ്ബർഗ് ഇനിയും
മരിക്കാത്തതുകൊണ്ട്
എനിക്ക് എന്നെ കവിയെന്ന്
വിളിക്കാനാവില്ല.
മീന അലക്സാണ്ഡർ
തൻെറ അപ്പാർട്ട്മെൻറ് ജനലിലൂടെ
കരുണാർദ്രമായി 'ഹഡ്സൺ 'നദിയിലേക്ക് നോക്കുന്നു...
അത്
ഭൂമിയുടെ സ്നേഹം പോലെ
തരളമാണ്...

*അഞ്ച്*

എനിക്ക്
സെയിൻറ് മാർക്സ് പ്ളെയിസിലേക്കോ
റോംക്കിൻ സ്ക്വയർ പാർക്കിലേക്കോ
പോകാതിരിക്കാനാവില്ല...
അവിടെ എന്നെക്കാത്ത്

അവൾ(അവൻ?) നിൽക്കുന്നു...
കാതിലും
മൂക്കിലും
നാക്കിലും
ചുണ്ടിലും
മുലയിലും
പൊക്കിളിലും
യോനീതടങ്ങളിലും
ശിശ്നത്തിലും
വെള്ളിവളയങ്ങൾ
തുളച്ചിട്ടവൾ(ൻ?)
മാനും
മകരവും
തേളും
ശംഖും
താമരയും
ലിംഗവും
കഞ്ചാവുതണ്ടും
ആനമയിലൊട്ടകവും
പച്ചകുത്തിയവൾ(ൻ?)
എന്നെക്കാത്തു നിൽക്കുന്നു.
എനിക്കു പോകാതിരിക്കാനാവില്ല...
ഐക്യനാടുകളിൽ
നിന്നൊക്കെയും
"കത്തുന്ന കുരിശുമായ് "
വെള്ള മുഖംമൂടി ധരിച്ച
'യുദ്ധപ്രഭുക്കൾ '*2 ഓടിയടുക്കുമ്പോൾ
ഞാൻ 'റൺ ഡി എം സി '*3
ട്യൂൺ ചെയ്യുന്നു..
"ഫക്ക് ദാററ് ഷിററ് ഐയാം ദ് ഗ്രെയിററ്
ഗ്രെയിററ് ന്യൂയോർക്കർ. "

1996 സെപ്റ്റെംബർ 15

*1Rev.Louis Farakhan - നേഷൻ ഓഫ് ഇസ്ളാം നേതാവ്
*2 ku-klux-klan - അമേരിക്കയിലെ കുപ്രസിദ്ധ വർണ്ണവെറിയൻ സംഘടന.
*3Run DMC. -ഒരു അമേരിക്കൻ(ബ്ലാക്ക്) ഹിപ്പ്ഹോപ്പ് ഗായകസംഘം. ററ്യൂപ്പാക് ഷക്കൂർ മുതൽ ബിഗ്ഗിസ്മോൾ വരെയുള്ള റാപ്പ് ഗായകരുടെ കറുത്ത പ്രതിരോധത്തിൻെറ സംഗീതം ഓർക്കുക.

## പുരുഷനെ അറിയുന്നതങ്ങനെ...?

**കടലിൽ നിന്ന്
സ്നേഹം
ചുരുട്ടിയെടുത്ത്
സൂര്യനിൽ
ഏയ്ത്പിടിപ്പിക്കുക...**

**ആകാശം
കീറിപ്പൊളിച്ച്
ഗ്രഹങ്ങളുടെ
നഗ്നത
ഒളിഞ്ഞുനോക്കുക...**

**ഇടങ്കൈയ്യാൽ
ഹിമാലയത്തിൻെറ
മൂലക്കൂമ്പിലും
വലങ്കൈയ്യാൽ
ആൻഡീസിൻെറ
നാഭിയിലും
തലോടവേ
പെട്ടെന്ന്
ഭൂമദ്ധ്യരേഖയിൽ
ചുംബിച്ച്
ഭൂമിയെ ഒരു
പുഷ്പമാക്കുക...**

**പൊട്ടത്തരിച്ചൊഴുകുന്ന
നൈൽ
ഒററ ശ്വാസത്തിൽ
കുടിച്ചു തീർക്കുക...**

**നക്ഷത്രങ്ങൾ
പിഴിഞ്ഞെടുത്ത
വെളിച്ചം കൊണ്ട്
അവളുടെ
ഏല്ലാ 'ഓട്ടകളും'
അടയ്ക്കുക...**

**അടയ്ക്കപ്പെട്ട
'ഓട്ട'കളിലെ
ഇരുളെല്ലാം
ശേഖരിച്ച്
നിൻെറ 'ലിംഗം'**

**നിറയ്ക്കുക...**

**അതിൻെറ**
**ഗോപുരം**
**അണുവായുധ-**
**ത്തലപ്പിൻെറ**
**ഘനശാന്തത**
**കൊണ്ടലംങ്കരിക്കുക**

**അടുത്ത**
**'ആസ്റ്ററോയിഡി'ൻെറ**
**പാതയിലേക്ക്**
**ഉന്നമിട്ട്**
**കുലച്ചുനിൽക്കുക...**

**ഓർക്കാപ്പുറത്തുണ്ടാകുന്ന**
**ഓരോ ഉദ്ദീപനങ്ങളെയും**
**സമർത്ഥമായി**
**ഓരോ സ്ഖലനങ്ങളിലേക്ക്**
**നയിക്കുക...**

**ഇപ്പോൾ നീ**
**ഏല്ലാ അഗ്നിപർവ്വതങ്ങളുടെയും**
**അമ്മയെ**
**വാരിയെല്ലിൽ**
**പേറുന്ന**
**പിതാവാകുന്നു...**

**തിളച്ചൊഴുകുന്ന**
**സ്ഖലിതങ്ങളുടെ**
**മഹാ പ്രളയത്തിൽ**
**നീ ആകാശരഹിതനാകുമ്പോൾ**
**പ്രജ്ഞയിൽ**
**മിന്നിയിറങ്ങുന്ന**
**നക്ഷത്രച്ചീളു പോലെ**
**പുരുഷനെ**
**പിന്നിൽ**
**നിന്നറിയുക...**

1998 സെപ്റ്റെംബർ 15

# സാത്ത്വികം

**സ്നേഹം ജ്വലിക്കുന്ന
കണ്ണിൽ
വിശപ്പും ദാഹവുമറിയാത്ത
രസ്നയിൽ
പാപം തപിക്കുന്ന
പ്രജ്ഞയിൽ
കൗപീനധാരികളുടെ
കദനയാത്ര...
മോക്ഷം തിരയുന്ന
ജൈവയാത്ര
കാമം തിരളാത്ത
മനമതിൽ
അടരുന്ന പ്രേമം
വിരിക്കുന്നു
സാത്ത്വീകം;
ഭൗമപ്രതീക്ഷകൾ.
നേരും നെറിയും
പൂക്കുന്ന ചുണ്ടിൽ
വിരിയുന്നു ശാമപ്രദീപ്തം
പ്രൗഢസ്മിതം...
എന്തിനീയംബരം
രക്തം കുടിച്ചു ചുവക്കുന്നു
എന്തിനീ രജനിയിൽ
ഉന്മത്തരാമൂഢുക്കൾ
ഉന്മേഷമററലയുന്നു...
രുദ്രഘോഷങ്ങളടങ്ങാ-
പ്പടയിടങ്ങളിലെന്തിനീ-
നിർദ്ദോഷകപോതങ്ങൾ
ചിറകററു വീഴുന്നു...
എന്തിനെന്നെന്തിനെന്ന്...
എന്തിനെന്നറിയാതെ...
വാഴുന്നു,വീഴുന്നു...
ജീവിതം...ജീവീതം..ജീവിതം.**

കലാകൗമുദി
1997 ഡ്സംബർ 7.

## മണിയറ ഒരാൽബം അഥവ അവളെഴുന്നത്

സീമന്തരേഖയിൽ
സിന്ധൂരം
അറവ്മാടിൻെറ
കൊമ്പിൽ
ചാർത്തിയ
അടയാളം...

മണിമെത്ത
മുല്ലപ്പൂക്കളുടെ
ശവശയ്യ...

മച്ചിൽ
തൂങ്ങിമരിച്ച
ശരറാന്തൽ...

വാൽ പേപ്പറിലേക്ക്
ഒഴുകിപ്പോയ-
പുഴ...

ഭിത്തിയിലെ-
പെയ്ൻറിങ്ങിൽ
തളക്കപ്പെട്ട
കാറ്റ്...

മേശപ്പുറത്ത്
അച്ചുതണ്ടിൽ
കുന്തിച്ചിരിക്കുന്ന
ഭൂമി...

'ടേബിൾലാംമ്പി'ലേക്ക്
ചുരുങ്ങിപ്പോയ
സൂര്യൻ...

മണിയറ
വെളിച്ചത്തിൻെറയും
സുഗന്ധത്തിൻെറയും
മരണയറ...

സ്നേഹത്തിൻെറ
വിഷം തീണ്ടിയ പാൽ
മാംസയോദ്ധാക്കളുടെ
ഗോദ...

അതിൽ

**പ്രണയം**
**ഒരു**
**വേഗത.**

**ഉദരം**
**നൊമ്പരങ്ങളുടെ**
**നിത്യചെമ്പരുത്തി...**

**ഇല്ല;**
**ഇനി ഞാൻ**
**നക്ഷത്രങ്ങളെ**
**സ്വപ്നം കാണില്ല.**

**1998 നവംബർ 13**

## ചാന്നാർ ലഹള

മുല  പറിച്ചധികാരിയുടെ
മുഖത്തെറിഞ്ഞ അമ്മക്ക്
വീര വീരാള മുലക്കച്ച..
അധികാരിയുടെ
തങ്കക്കോളാമ്പി നിറയെ
മുഖമുരുമ്മി വീണ മുലകൾ..
മുലകളുടെ മഴ..
മുലകളുടെ പുഴ..
മുലകളുടെ സമുദ്രം..
മുലകളുടെ പ്രളയം..

മുലപ്രളയത്തിൽ
മുലകളല്ലാത്തതെല്ലാം
മുങ്ങപ്പോയി..
'മുലക്കരം' മാത്രം
മുന കൂർത്ത്
മുന നേർത്ത്
അനന്തനെപ്പോൽ
പൊന്തിക്കിടന്നു

പൊക്കിളിൽ
താമര തിണർക്കും
അവതാരപൗരുഷം കാത്ത്
മുന കൂർത്ത്
മുന നേർത്തനന്ത തല്പമായ്
പൊന്തിക്കിടന്നു...

1998, ജൂൺ 11

# മരത്തിൻെറ ലിംഗം

എനിക്കു മുന്നിൽ ഒരു മരം
പേരറിയില്ല.
തടിയിൽ...
ചില്ലയിൽ...
ഇലയിൽ...
മൊട്ടിൽ...
പൂവിൽ...
വെറുതെ
ചുംബിച്ചു.
മരുഭൂമിയുടെ
പൊള്ളുന്ന
സ്വപ്നത്തിൽ നിന്ന്
ഞെട്ടിയുണർന്ന
എനിക്കു മുന്നിൽ ഒരു മരം..

ആൺമരമോ പെൺമരമോ
ആൺതടിയോ പെൺതടിയോ
ആൺചില്ലയോ പെൺചില്ലയോ
ആണിലയോ പെണ്ണിലയോ
ആൺമൊട്ടോ പെൺമൊട്ടോ
ആൺപൂവോ പെൺപൂവോ...?
അറിയില്ലല്ലോ...
എനിക്കു മുന്നിൽ
സ്നേഹം ചുരത്തി
നിൽക്കും
ബോധി പോൽ...
ഒരു മരം.
ഞാൻ വെറുതെ...
ചുംബിച്ചു.

കേരള കവിത 98

## നിഷ്പക്ഷനായിരിക്കുന്നതിനെപ്പറ്റി...

എൻെറ
കവിതകളിൽ
പടർന്നു
കിടക്കുന്ന
പുല്ലിംഗ
ബിംബങ്ങളിൽ
വിരലൂന്നി
അവൾ ചോദിച്ചു
'ആർ യൂ ഗെ..?'

ഞാൻ
അവളുടെ
ചുണ്ടിൻെറ
ചുവപ്പിനെ
മാനിക്കാതെയും
സമര സന്നദ്ധമായ
മാറിടത്തിൻെറ
പ്രലോഭനത്തിൽ
അകപ്പെടാതെയും
അവൾ
ചാരിയിരിക്കുന്ന
മരത്തിൻെറ
ഇലകളും
അവയുടെ
അടിവയറ്റിൽ
പിടഞ്ഞുകിടക്കുന്ന
ഞരമ്പുകളും
എണ്ണാൻ തുടങ്ങി...

എൻെറ പുതിയ
'പെയിൻറിങ്ങിൽ'
എഴുന്ന് നിൽക്കുന്ന
സ്തൂപ രൂപങ്ങളിലും
സ്തൂപികാഗ്രിത
വനങ്ങളിലും
'ഗോഥിക്'
സ്തംഭങ്ങളിലും

പിരിമിഡുകളിലും
സൂചികളിലും
മുനകൂർത്ത
സൂചനകളിലും
മിഴിയൂന്നി
അവൾ ചോദിച്ചു..
'ആർ യൂ ഗെ..?'

'ബിക്കിനിലൈൻ' വരെ
ക്ഷൗരം ചെയ്ത
അവളുടെ
കാലുകളിലും
അവയിൽ
തുള്ളിയുണരുന്ന
വിയർപ്പുമണികളിലും
മനസ്സുവെക്കാതെ
ഞാൻ
തണലിന്റെ
രക്തത്തിൽ
പൊന്തിയുലയുന്ന
കരിയിലത്തോണിയിൽ
തുഴഞ്ഞുനീങ്ങുന്ന
എറുമ്പിൻ
സംഘങ്ങളോട്
കിന്നാരം
പറഞ്ഞുകൊണ്ടിരുന്നു

കൂട്ടം തെറ്റിയലയുന്ന
ഒരു പുളിയെറുമ്പിനെ
മുലകൾക്കിടയിൽ
മേയാൻ വിട്ടിട്ട്

അതിന്റെ
സഞ്ചാരപഥങ്ങളിൽ
അരിച്ചേറുന്ന
ഇക്കിളി
കലർന്ന വേദന
കൂമ്പിയ മിഴികളാലും
വിറയാർന്ന ചുണ്ടകളാലും
ആസ്വദിച്ചുകൊണ്ട്
ഒരു പ്രാർത്ഥന പോലെ
അവൾ സന്ദേഹിച്ചു...
"യൂ മേ ബീ ഗെ..."

ഞാൻ
എന്നിലേക്ക്

**മുഖം തിരിച്ച്**
**കനം തൂങ്ങിയടയുന്ന**
**കൺപോളകൾ**
**ക്കിടയിൽപ്പെട്ട് ചതയുന്ന**
**സ്വപ്നത്തിന്റെ**
**അടരുകൾ**
**സൂഷ്മതയോടെ**
**പെറുക്കിയടുക്കി-**
**ക്കൊണ്ട് പറഞ്ഞു**
**നീ**
**ചാരിയിരിക്കുന്ന**
**മരമാണു ഞാൻ**
**ജലം തേടി**
**ഭൂഗർഭത്തിലേക്ക്**
**വേരുകളാഴ്ത്തിയലയുന്ന,**
**വെളിച്ചം തേടി**
**സൂര്യനിലേക്ക്**
**ചില്ലകളുലച്ചുയരുന്ന**
**ഒരു മരം.**

കലാകൗമുദി
1999 ആഗസ്റ്റ് 8.

## സംഗരം

വികാരങ്ങളുടെയോ
യുദ്ധങ്ങളുടെയോ
ഭൂപടത്തിൽ
ഏകാന്തവും
വന്യവും ആയ
മഹാഘോരതയാണ്
 പൗരുഷം
ഓരോ ബലാത്സംഗങ്ങൾക്കും
ശേഷം പ്രജനനത്തിൻെറ
ആത്മീയതക്കെതിരെ
ഉദ്ധരിച്ചു നിൽക്കുന്നു
എൻെറ പൗരുഷം...
ഓരോ സംഗങ്ങളും
ഓരോസംഗരങ്ങളാവുമ്പോൾ...
എനിക്കു മുങ്ങിമരിക്കാൻ
തൻെറ നിഷ്ക്കാമകൗമാരം
കരഞ്ഞുതീർത്ത
ഒരു പെൺകുട്ടിയുടെ
കണ്ണീർക്കിണർ....

ജലക്രീഡ നടത്തി..
നിവരുമ്പോൾ
സൃഷ്ടിയായ്
സ്ഥിതിയായ്
സംഹാരമായ്...
പിളർന്നു വിളയുന്ന
പുരുഷത്വമടർത്തി
ഞാൻ ത്രിശൂലമാക്കുന്നു...

അമ്മൂമ്മക്കഥകളിലെ
ഉഴവുചാലുകളിൽ
സീതമാരെ മുളപ്പിച്ചും...
അവരുടെ അഗ്നി നക്കാത്ത
പാതിവൃത്യ ഗാഥകൾ
പ്രചരിപ്പിച്ചും
ഈർപ്പമുള്ള
സ്ത്രീത്തുകലിൽ
പത്മാസനത്തിലിരുന്ന്
ഞാൻ തപം തുടങ്ങുന്നു..
സംഗങ്ങളുടെയും
സംഗരങ്ങളുടെയും
സംഗമേശ്വരനാകാൻ
തപം തുടങ്ങുന്നു....

1998 ഫെബ്രുവരി 28

# വാഴ്ത്തപ്പെട്ടവൾ

(എൻെറ വെളിപാടുകളുടെ 'പനി' ചുംബിച്ചെടുത്ത 'പെറുവീയൻ' സന്ന്യാസിനി 'അന്ദ്രിയാന പവ്ലോവിനു്'.)

അന്ന്;
സ്നേഹം ഉരുകി വിയർക്കുന്ന
ധ്യാനഹാളിൻെറ നിശ്ബ്ദതയിൽ
നീ മുട്ടുകുത്തി നിൽക്കുകയായിരുന്നു.

ചുണ്ടുവിരലിൻെറ
ചലനചടുലതയിൽ
നിൻെറ വിശുദ്ധരതി
പൂർണ്ണമാക്കപ്പെടുന്നതിൻ മുൻമ്പേ
ദൈവം തൺെറ നഗ്നതയാൽ
ധ്യാനമുറി നിറച്ചു.

പുരുഷലിംഗങ്ങളും
മെഴുകുതിരിക്കാലുകളും
നിൻെറ സ്വപ്നങ്ങളിൽ നിന്ന്
എടുത്തുമാററപ്പെട്ടു.

ദൈവമാംസത്തിൻെറ
ഇളം ചൂടിൽ
ആത്മീയതയുടെ
നിത്യവെപ്പാട്ടിയായി
നീ ഉയർത്തപ്പെട്ടു.

സ്നേഹം പുരണ്ട
ചുണ്ടിൽ പ്രാർത്ഥന
ശബ്ദത്തിൻെറ കുമിളയായ്
തൂങ്ങി നിന്നു.

കേരള കവിത 98

## WWW. താമര . കോം

*(ഒരു 'സൈബർ' തടവുപുള്ളിയുടെ ആത്മഭാഷണങ്ങൾ 'വെബ്മാസ്റ്റർ' ഒളിഞ്ഞ് കേട്ടത് )*

**പളുങ്കുസ്തരങ്ങൾ പാകിയ
ഒറ്റച്ചുവരുള്ള മുറി.
ഭീമൻ പ്രകാശഖണ്ഡങ്ങൾ
ഉടഞ്ഞ് വീണ്
വഴുവഴുക്കുന്ന
പ്രതലം
ഘോര വെളിച്ചത്തിൽ
കാഴ്ച്ച
മഞ്ഞളിക്കുന്നു.**

**വെട്ടിത്തിളങ്ങുന്ന
വെള്ളി വെളുപ്പിലേക്ക്
ഓർമ്മ
ചുരുണ്ട് പോകുന്നു..**

**അമേദ്യച്ചുമടുമായ്
പ്രാഞ്ചിക്കിതച്ചോടുന്ന
രത്നാകര 'ഭൻഗി'യുടെ
നാവിൽ പുകഞ്ഞ
തെറിയായിരുന്നു ഞാൻ.**

**കോസലത്തിൻെറ
കാട്ടു പാതകൾ...
മൃഗക്കൊഴുപ്പ്
മണക്കുന്ന
രത്നാകര ജട
(ചിതലുകൾക്ക് പഥ്യമായത്)...**

**ഒരു 'പിടിച്ചുപറി'യുടെ
പഴകിത്തേഞ്ഞ 'സിനേറിയ'
"ആ മരം ഈമരം
ആ മരമീമരം"
"സെയിം ഓൾഡ് ഷിറ്റ്".**

**ചായാണിപ്പഴുതിൽ
ഘനീഭവിച്ച രക്തത്തിന്
പണയപ്പെട്ടത്...
തേർച്ചക്രത്തിനിടയിൽപ്പെട്ടു
ചതഞ്ഞ രാജവൃഷ്ണം...**

**അന്ത:പുരത്തിൽ
അകത്തമ്മമാർ
ചൂണ്ടാണി വിരൽ**

ചുംബിക്കവേ
ഇരുട്ടിൻെറ
കുന്തമുനയിൽ
ഒരു സ്ഖലനം..

പേറ്ററ മൂലയിൽ
രക്തം പുരണ്ട
വെള്ളപ്പട്ട് ചുരുണ്ടു കിടന്നു.
തെരുവിൽ
മഗധർക്കും സൂതർക്കം
സമ്മാനപ്പൊതികൾ...

കോസലവനത്തിലെ
കുറുനരികളുടെ
വിശപ്പിലേക്ക് മറുപിള്ള
എറിഞ്ഞുകൊടുത്തിട്ട്
സൂതികർമ്മണി
തല ചൊറിഞ്ഞു...

ച്ചെ... ഈ നശിച്ച പ്രകാശം
എൻെറ ഓർമ്മകൾ പിളരുന്നു...

ബാലിയുടെ
പിൻ കഴുത്തിൽ
ഒളിയമ്പിൻെറ സ്പർശനം...
ശംബുകരക്തം കൊണ്ട്
നനഞ്ഞ വാൾ...

മൂക്കും മുലയും
മുറിഞ്ഞൊരു
പെണ്ണിൻെറ തേങ്ങൽ...

ശത്രുഗർഭം
പേറുന്ന ഭാര്യ...
അവളുടെ
കണ്ണീർമഴയിൽ
ഒരു പ്രളയം..

വിയർപ്പും
രേതസ്സും
മണക്കുന്ന
കടം വാങ്ങിയ
കാവി കൗപീനം...
പിന്നെ ഏറെ
ഘോഷിക്കപ്പെട്ട
സരയൂവിലെ
ആത്മഹത്യ...

ഓ..വീണ്ടും പ്രകാശം...

അത് എന്നിൽ നിന്നെല്ലാം
ചുരണ്ടിയെടുക്കുന്നു...
ഒരു തുള്ളി ഇരുട്ട്
സ്വപ്നങ്ങളിൽ
പോലുമില്ലെന്നോ?
അമേദ്യവഹനാ
തസ്കരവീരാ...
ഹേ.. രത്നാകരാ..
ഞാനെങ്ങനെയാണ്
നിൻെറ മൊഴികളിൽ നിന്ന്
മോഷ്ടിക്കപ്പെട്ടത്..?

ഈ ഘോര വെളിച്ചം
ആരാണ് എന്നിൽ
കോരിയൊഴിച്ചത്...?
പ്രകാശം...ഭീകരപ്രകാശം...
വെട്ടിത്തിളങ്ങുന്ന
വെള്ളിമുനകളെന്നിൽ
തുളഞ്ഞിറങ്ങുന്നു.
രോമകൂപങ്ങളിൽ
നിന്നൊരായിരം
സ്ഫടികച്ചുരങ്ങൾ
പുറപ്പെടുന്നു...

ജ്ഞാനസർപ്പങ്ങളിഴയുമീ
സൈബർവനത്തിൽ
എന്നെത്തളച്ചതാരാണ്..?
എൻെറ തടവറഭിത്തി
നിറയെ താമര...
എൻെറ പേരുവിളിച്ചലറുന്ന
ത്രിശൂലങ്ങൾ...
രഥങ്ങൾ...
കവചിത വാഹനങ്ങൾ..
അണുവായുധത്തലപ്പുകൾ..
ആഗ്നേയാസ്ത്രങ്ങൾ...
പറയൂ രത്നാകര..
നിൻെറ നാവിൽ
നിന്നെന്നെ
തട്ടിയെടുത്തതാരാണ്..?
ഓലക്കാതിൽ
രക്തം വിങ്ങുന്നതും
ചരിത്രത്തിലേക്ക്
സാക്ഷിത്തൂണകളുയരുന്നതും
അതിൽ താഴികക്കുടങ്ങൾ
ഉണർന്നു തകരുന്നതും
എൻെറ കാഴ്ച്ചയിലും
ഓർമ്മയിലും
താമരകളാർത്ത് വളരുന്നതും

ഞാനറിയുന്നു...

തടവറ വാതിലിൽ
ചീറിയണയുന്ന
'ജാവ'പെല്ലറ്റുകൾക്കും
വൈറസ്സുകൾക്കും
സൈബർപ്പുഴുക്കൾക്കും
ഇടയിലൂടെ ഒരു സ്വപ്നക്കീറ്
എന്നിലേക്കൊലിച്ചു വരുന്നു...

സർവ്വബ്രാമണ ഭ്രൂണ
രക്ഷാർത്ഥം ഞാനറിഞ്ഞിട്ട
ശംബുക ശിരസ്സതാ
വീണ്ടും കിളിർക്കുന്നു...

ഒന്നല്ല പത്തല്ല
എണ്ണിയാലൊടുങ്ങാത്ത
ശിരസ്സുകൾ.. ശിരസ്സുകൾ
ഇരുളിൻെറ കുളിരായ
ശംബുക ശിരസ്സുകൾ..!!

1998 ഒക്ടോബർ 26.